# വേദാഭിമാനി


വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 | No.2 | കാർത്തികപ്പള്ളി | R.No. 7361/02 | 2014 FEBRUARY

e-paper : vedabhimani


## മനുഷ്യൻ ചിമ്പാൻസിയുടെയും പന്നിയുടെയും സങ്കരസന്തതിയെന്ന് യു.എസ്. ശാസ്ത്രജ്ഞൻ

മനുഷ്യൻ എന്ന ജീവി ഉടലെടുത്തത് പെൺ ചിമ്പാൻസി ആൺ പന്നിയുമായി ഇണ ചേർന്നപ്പോഴാണെന്ന് യു.എസ്. ജനിതക ശാസ്ത്രജ്ഞൻ.



ജോർജിയ യൂണിവേഴ്സിറ്റിയിലെ ഡോ. യൂജിൻ മക്കാർത്തിയാണ് ഇക്കാര്യം അവകാശപ്പെടുന്നത്. ജീവികളിലെ സങ്കര വർഗങ്ങളെക്കുറിച്ച് പഠനം നടത്തുന്ന ലോകത്തെ മുൻനിര ഗവേഷകരിലൊരാളാണ് മക്കാർത്തി. തന്റെ വെബ്സൈറ്റിലാണ് മക്കാർത്തി ഈ സിദ്ധാന്തം അവതരിപ്പിച്ചത്. മക്കാർത്തി ഇതിനാധാരമായ തെളിവുകളും നിരത്തുന്നുണ്ട്. മക്കാർത്തി പറയുന്നതിങ്ങനെ: ചിമ്പാൻസികളിലെ പല സ്വഭാവങ്ങളും മനുഷ്യനിൽ കാണാം. എന്നാൽ, മറ്റൊരു ആൾക്കുരങ്ങുകളിലും കാണാത്ത പല സ്വഭാവങ്ങളും മനുഷ്യനിലുണ്ട്. മനുഷ്യരിലെ സ്വഭാവ വൈവിധ്യം സൂചിപ്പിക്കുന്നത് അത് ഒരു സങ്കര ഇനമാണെന്നാണ്. പന്നിക്കും മനുഷ്യനുമിടയിൽ ഒരുപാട് സമാനതകളുണ്ട്. ഇതാണ് തന്റെ വാദങ്ങൾക്ക് ബലമേകുന്നത്.

**പറയാതെവയ്യ:** *മനുഷ്യന് പന്നിയുടെയും കുരങ്ങിന്റേയുമൊക്കെ സ്വഭാവമുണ്ടെങ്കിലും പരിണാമപ്രക്രിയയിൽ ചിമ്പാൻസിയും പന്നിയും വിഭിന്ന ധ്രുവങ്ങളിലാണ്. ശരീരഘടനയും തലച്ചോറിന്റെ പ്രവർത്തനവും വിഭിന്നമാണ്. ആശയവിനിമയ ശേഷിയും വ്യത്യസ്ഥം. ഇവയ്ക്കു തമ്മിൽ ഇണ ചേരാൻ ആവില്ല. പരീക്ഷണ ശാലയിൽപോലും ഭ്രൂണം വികസിപ്പിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ സംഭവിച്ചാൽ തന്നെ പന്നിയുടെയോ ചിമ്പാൻസിയുടെയോ വകഭേദങ്ങൾ മാത്രമേ ഉടലെടുക്കൂ. ഈ സാമാന്യ തത്ത്വങ്ങൾ പോലും അറിയാത്തവരാണ് ശാസ്ത്രജ്ഞരായി വിലസുന്നത്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെടാത്ത ഒരു വസ്തുത ശാസ്ത്രമാണെന്ന് പറഞ്ഞ് എഴുന്നെള്ളിക്കുന്നതിന്റെ ഔചിത്യം എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല.*

## ലോകാവസാനം തുടങ്ങി!





ലോകാവസാനം തുടങ്ങിക്കഴിഞ്ഞു. അതു പ്രകാശവേഗത്തിൽ നമ്മെത്തേടി വരികയാണ്. പ്രവചനം നടത്തുന്നത് മതനേതാക്കളല്ല; ഹിഗ്സ് ബോസോൺ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ഡെൻമാർക്കിലെ ഗവേഷകരാണ്.

ഹിഗ്സ് ഫീൽഡിനെ അടിസ്ഥാനമാക്കിയാണു ലോകാവസാന പ്രവചനത്തിനു ശാസ്ത്രീയ മാനം നൽകുന്നത്. ഹിഗ്സ് ഫീൽഡ് ആണു വസ്തുക്കൾക്കു പിണ്ഡം നൽകുന്നത്. ജലത്തിന് ഐസ്, നീരാവി എന്ന മറ്റു പതിപ്പുകൾ ഉള്ളതുപോലെ ഹിഗ്സ് ഫീൽഡിനും രണ്ടു പതിപ്പ് ഉണ്ട്. ഇതിൽ ആദ്യത്തെ പതിപ്പിലാണു ഭൂമിയിപ്പോൾ. രണ്ടാമത്തെ ഘട്ടമെത്തുമ്പോൾ എല്ലാ വസ്തുക്കളുടെയും പിണ്ഡം സഹസ്രകോടികളായി വർധിക്കും. ഇതോടെ മണൽത്തരികൾക്കു കുന്നിന്റെ ഭാരമാകും. ഭാരം കൂടുന്നതോടെ വസ്തുക്കൾ ചുരുങ്ങും. അത് ഉയർന്ന താപം പുറത്തുവിടും. ഒടുവിൽ എല്ലാ വസ്തുക്കളും ഗോളാകൃതിയിലുള്ള വസ്തുവിലേക്കു ലയിച്ചുചേരും.

ഈ പ്രക്രിയ തുടങ്ങിയെന്നാണു ദക്ഷിണ ഡെൻമാർക്ക് സർവകലാശാലയിലെ ഗവേഷകർ പറയുന്നത്. ഈ വൻഗോളം പ്രപഞ്ചത്തെ വിഴുങ്ങാൻ തുടങ്ങിയെന്നാണ് ഇവർ അവകാശപ്പെടുന്നത്. വാദം തെളിയിക്കാൻ ഇവർ ഗണിതശാസ്ത്രത്തെയും കൂട്ടുപിടിക്കുന്നുണ്ട്.

## ജീവിതം മാറാൻ



ഒരൊറ്റ സിനിമ മതി, ഒരു വ്യക്തിയുടെ ജീവിതം മാറാൻ എന്നു തെളിയിക്കുകയാണ് തെക്കുപടിഞ്ഞാറൻ ലണ്ടനിലെ ബാത്ത് സ്വദേശിയായ മാർക് ബോയൽ. റിച്ചാർഡ് ആറ്റൻബറോയുടെ ഗാന്ധി എന്ന സിനിമയാണ് ബോയലിന്റെ ജീവിതം മാറ്റിമറിച്ചത്. അന്നുമുതൽ അദ്ദേഹം പണം കൈകൊണ്ടു തൊടുന്നതു നിർത്തി. നല്ല ശമ്പളമുണ്ടായിരുന്ന ജോലി ഉപേക്ഷിച്ചു, ബിസിനസ് ബിരുദം പോലും ഉപേക്ഷിച്ചു. ഇന്ന് അനേകർക്കു മാതൃകയായി, ഒരു യഥാർത്ഥ ഗാന്ധിയനെന്ന് ചൂണ്ടിക്കാട്ടാൻ കഴിയുന്ന സാമൂഹിക പ്രവർത്തകനായി മാറിയിരിക്കുന്നു 34 കാരനായ മാർക് ബോയൽ.

കോടികൾ കൈകാര്യം ചെയ്യുന്ന പ്രഫഷണലിസ്റ്റിൽ നിന്ന് ഒരു യഥാർത്ഥ ഗാന്ധിയനിലേക്കുള്ള ദൂരം ഒരൊറ്റ സിനിമയായിരുന്നു. 2008-ലായിരുന്നു അത്. ഏറെ താൽപര്യത്തോടെയാണ് ആ സിനിമ കണ്ടത്. ഈ ലോകത്തിൽ നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റം, അതു നിങ്ങൾ തന്നെയായിരിക്കുക എന്ന ഗാന്ധിജിയുടെ വാക്കുകൾ ബോയലിനെ സ്പർശിച്ചു. എങ്ങനെ ലോകത്തിൽ ഒരു മാറ്റമാകാമെന്ന് അദ്ദേഹം ചിന്തിച്ചു.

സിനിമ കണ്ടശേഷം ഗാന്ധിജിയെക്കുറിച്ച് കൂടുതൽ അറിയാൻ ബോയൽ ആഗ്രഹിച്ചു. അതിനായി ഇന്ത്യയിലെത്തിയ അദ്ദേഹം പോർബന്തറിലെ ഗാന്ധിജിയുടെ ജന്മസ്ഥലം സന്ദർശിച്ചു. തിരികെ ലണ്ടനിലെത്തിയ ബോയൽ ഗാന്ധിജിയുടെ അഹിംസയുടെയും ലാളിത്യത്തിന്റെയും മാതൃക സ്വന്തം ജീവിതത്തിലും ഉൾക്കൊള്ളാൻ തീരുമാനിച്ചു.

പണമില്ലാതെ ജീവിക്കുക എന്നതായിരുന്നു ബോയലിന്റെ ഗാന്ധിയൻ ലാളിത്യത്തിന്റെ ആദ്യപടി. അതിനായി അദ്ദേഹം ഉന്നത ഉദ്യോഗവും എം.ബി. ബിരുദവും ഉപേക്ഷിച്ചു. ബ്രിസ്റ്റോളിൽ താമസിച്ചിരുന്ന കാലത്ത് നിരവധി ഓർഗാനിക് ഫുഡ് കമ്പനികളിൽ മാനേജറായി ജോലി ചെയ്തിരുന്നു. ബോയൽ വൈകാതെ അതെല്ലാം ഉപേക്ഷിച്ചു. തന്റെ കാരവാനിലാണ് ബോയലിന്റെ താമസം. കഴിയ്ക്കാനുള്ള ഭക്ഷണം സ്വയം വിളയിച്ചെടുക്കുന്നു. പ്രകൃതിയോട് ഇണങ്ങിച്ചേർന്നുള്ള ജീവിതമാണ് അദ്ദേഹം നയിക്കുന്നത്. എങ്ങനെയാണ് ഒരുവൻ ഗാന്ധിയനായി മാറിയതെന്ന് കണ്ടുവല്ലോ. അതുപോലെ ജീവിതം മാറാൻ യേശു എന്ന ഒറ്റ വ്യക്തി മതി. പക്ഷെ, യേശുവിനെ കണ്ടെത്തി സ്വയം ഒരു അഴിച്ചുപണി നടത്തി സമൂല പരിവർത്തനത്തിലൂടെ പുതിയ മനുഷ്യനാകുവാൻ ആര് തയ്യാറാകും എന്നതാണ് ഇവിടുത്തെ പ്രശ്നം.




ഇന്റർനെറ്റിൽ ഏറ്റവും പ്രശസ്തനായ വ്യക്തി യേശുക്രിസ്തു. സ്റ്റോണി ബ്രൂക്ക് സർവകലാശാലയിലെ സ്റ്റീവൻ സ്കിയേനയുടെ നേതൃത്വത്തിലുള്ള ഗവേഷകരാണ് ഇന്റർനെറ്റ് ഡേറ്റ അവലോകനം ചെയ്ത് ഇക്കാര്യം കണ്ടെത്തിയത്. മഹാത്മാഗാന്ധിക്ക് 46-ാം സ്ഥാനമാണ് ഉള്ളത്. നെപ്പോളിയൻ രണ്ടാംസ്ഥാനത്തെത്തി. നാലാം സ്ഥാനക്കാരനായ വില്യം ഷേക്സ്പിയർ സാഹിത്യകാരന്മാരുടെ വിഭാഗത്തിൽ ഒന്നാമനാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൂണിന് 1,483-ാം സ്ഥാനമാണു ലഭിച്ചത്. രാജാക്കന്മാർക്കും രാജ്ഞിമാർക്കും പട്ടികയിൽ മുന്തിയ സ്ഥാനം ലഭിച്ചു. ഏബ്രഹാം ലിങ്കൺ, ജോർജ് വാഷിംഗ്ടൺ, ഹിറ്റ്ലർ, അലക്സാണ്ടർ ചക്രവർത്തി, അരിസ്റ്റോട്ടിൽ, തോമസ് ജഫേഴ്സൺ എന്നിവർ ആദ്യപത്തിൽ ഇടം പിടിച്ചു.

കാൾ മാർക്സ്, ജൂലിയസ് സീസർ, വ്ളാഡിമർ ലെനിൻ, മാർട്ടിൻ ലൂഥർ, ആൽബർട്ട് ഐൻസ്റ്റീൻ, ഗലീലിയോ, വിശുദ്ധ പത്രോസ് എന്നിവരുടെ പേരുകളും പട്ടികയിലുണ്ട്.

## ചവിട്ടിക്കോ... ഊണു റെഡി




ഡെൻമാർക്കിലെ ക്രൗൺപ്ലാസ ഹോട്ടലിൽ ചെന്നാൽ ചില്ലിക്കാശുപോലും കൊടുക്കാതെ മൂക്കുമുട്ടെ തിന്നാം. പകരം സൈക്കിൾ ചവിട്ടണമെന്നു മാത്രം. ഹോട്ടലിലേക്ക് ആവശ്യമായ കറണ്ട് ഉത്പാദിപ്പിക്കാനുള്ള ഒരു വിദ്യയാണിത്. അവിടെയുള്ള സൈക്കിളുകൾ ഒരു വൈദ്യുത ജനറേറ്ററുമായി ഘടിപ്പിച്ചിട്ടുണ്ട്. ഒരാൾ പതിനഞ്ചു മിനിറ്റ് സൈക്കിൾ ചവിട്ടുമ്പോൾ പത്ത് വാട്ട് വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നു. കറണ്ടുണ്ടാക്കാനുള്ള ഈ സൈക്കിൾ വിദ്യ ഡെൻമാർക്കിൽ വമ്പൻ ഹിറ്റായി മാറിയിരിക്കുകയാണ്.


| ചെയർമാൻ | പബ്ലിഷർ&കോ-ഓർഡിനേറ്റർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.200 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |



# വെളിച്ചത്തിന്റെ ഉദയം

യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാണ്. ഈ വെളിച്ചത്തെക്കുറിച്ച് ചില കാര്യങ്ങൾ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നു. മനുഷ്യജീവിതത്തിലെ അന്ധകാരത്തിന്റെ മേഖലകൾ കണ്ടുപിടിക്കുവാനും അവയെ ദൂരീകരിച്ച് വെളിച്ചം നിറയ്ക്കുവാനും സാധിച്ചാൽ വെളിച്ചത്തെ ജീവിതത്തിൽ ആഘോഷിക്കുവാൻ നമുക്ക് സാധിക്കും.

അറിവ് വെളിച്ചമാണ്, അറിവില്ലായ്മ അന്ധകാരമാണ്. തെറ്റും ശരിയും തിരിച്ചറിയാതെ എപ്പോഴും തെറ്റിൽ തന്നെ ഉറച്ച് അതിനെ ന്യായീകരിച്ച് അതിൽ തന്നെ കഴിയുകയാണ് അറിവില്ലായ്മയുടെ ലക്ഷണം. മൂന്നു തലങ്ങളിലൂടെ ആണ് ഒരു മനുഷ്യന്റെ ജീവിതത്തിലേക്ക് അറിവു കടന്നുവരുന്നത്. പുസ്തകങ്ങളിലൂടെ അഥവാ വിദ്യാഭ്യാസത്തിലൂടെ, രണ്ടാമത്തേത് അനുഭവങ്ങളിലൂടെയും, മൂന്നാമത്തേത് ദൈവീക വെളിപാടുകളിലൂടെയും. ഇതിൽ ആദ്യത്തേത് ലൗകീകമായും രണ്ടാമത് മാനസികമായും മൂന്നാമത് ആത്മീയമായും ഉള്ള അറിവിന്റെ ഉറവിടങ്ങളാണ്. ഈ മൂന്നു തലങ്ങളിലൂടെയുമുള്ള അറിവുകളെ ശരിയായി സമന്വയിപ്പിച്ച് കാര്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നവർക്ക് ശരിയും തെറ്റും യഥാവസരം മനസ്സിലാക്കി ശരിയെ സ്വീകരിക്കുവാനും നന്മയുടെ പക്ഷത്ത് നിലകൊള്ളുവാനും എപ്പോഴും വെളിച്ചത്തിലേക്ക് ആനയിക്കുവാനും കഴിയും. അറിവില്ലായ്മയാണ് എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം എന്ന് ശ്രീബുദ്ധൻ പ്രഖ്യാപിച്ചിട്ടുണ്ട്. അറിവില്ലായ്മയിൽ നിന്ന് അറിവിലേക്കും, തിരിച്ചറിവിലേക്കും ഉള്ള പ്രയാണമാണ് ക്രിസ്തീയ ജീവിതം.

ഇന്നത്തെ സമൂഹം നേരിടുന്ന രണ്ടാമത്തെ അന്ധകാരം ദുരാഗ്രഹവും ആർത്തിയുമാണ്. പെട്ടെന്നുള്ള ധനസമ്പാദനം, പദവി, പ്രശസ്തി, അംഗീകാരം, ആഡംബര ജീവിതം, മാംസ ദാഹം തുടങ്ങിയവ ആഗ്രഹിക്കുന്ന സകലരും അന്ധകാരത്തിന്റെ കുഴിയിൽ തപ്പിത്തടയുന്നവരാണ്. ഈ ദുരാഗ്രഹങ്ങളുടെ പിന്നാലെ ഓടുന്ന മനുഷ്യൻ അത് നേടുവാൻ ഏതു കുത്സിത മാർഗ്ഗങ്ങളും ക്രൂരമായ വഴികളും തേടുന്നു. ഒരുപക്ഷേ അല്പകാലത്തേക്ക് ആഗ്രഹങ്ങൾ സഫലീകരിച്ചേക്കാം, സമൂഹത്തിൽ മാന്യൻ എന്ന പേര് ലഭിച്ചേക്കാം. പക്ഷേ അങ്ങനെ നേടുന്ന നേട്ടങ്ങൾ അത് ആസ്വദിക്കാനുള്ള വഴിയിൽ നമ്മെ എത്തിക്കുകയില്ലെന്നും, അവയൊന്നും ശാശ്വതമല്ലെന്നും ഉള്ള തിരിച്ചറിവാണ് യഥാർത്ഥ വെളിച്ചം. ഈ അടുത്തകാലത്ത് കേരളത്തിൽ കോളിളക്കം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പല രാഷ്ട്രീയ തട്ടിപ്പുകേസുകളിലേയും, പ്രതികളുടെ അവസ്ഥകൾ അതിനുദാഹരണമാണ്. അവർ നടത്തിയ തട്ടിപ്പുകളിലൂടെ നേടിയതൊന്നും അവർക്ക് ശാശ്വത സ്വസ്ഥതയ്ക്ക് ഉതകുന്നില്ലാ എന്നത് തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. ഒരു കോടി രൂപയിൽ നിന്ന് വെറും മൂന്ന് വർഷം കൊണ്ട് അറുനൂറ് (600) കോടിയുടെ ആസ്തി ഉണ്ടാക്കിയ ഒരു റിയൽ എസ്റ്റേറ്റ് ബിസിനസുകാരൻ തന്റെ തട്ടിപ്പു പുറത്തായതോടെ പെട്ടെന്ന് ആത്മഹത്യ ചെയ്ത സംഭവം ഏതാനും നാളുകൾക്കു മുമ്പ് പത്രവാർത്ത ആയിരുന്നല്ലോ. എന്തിനായി ഓടി?



എന്ത് നേടി? എന്നീ ചോദ്യങ്ങൾ എപ്പോഴും നമ്മോടു തന്നെ നാം ചോദിച്ചുകൊണ്ടിരിക്കുകയും അതിന്റെ ഉത്തരം നമ്മുടെ കണ്ണ് തുറപ്പിക്കുകയും ചെയ്യുമെങ്കിൽ നാം വെളിച്ചത്തിലൂടെയാണ് യാത്ര ചെയ്യുന്നത്; അല്ല എങ്കിൽ നാം ഇരുളിന്റെ വഴികളിൽ തപ്പിത്തടയുകയാണ്.

അസംതൃപ്തിയും നിരാശയും മനുഷ്യജീവിതത്തിലെ മറ്റൊരു അന്ധകാരമാണ്. ലഭിച്ച ഒരു നന്മയെക്കുറിച്ചും സംതൃപ്തി ഇല്ലാതിരിക്കുക, എപ്പോഴും മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കി അവർ സുഖം അനുഭവിക്കുന്നു എനിക്ക് മാത്രം എപ്പോഴും ദുർവിധി എന്ന് പരിതപിക്കുകയും ചെയ്യുന്ന അനേകർ നമ്മുടെ മദ്ധ്യത്തിലുണ്ട്. ഒരു കാര്യം ആഗ്രഹിക്കുകയും അത് ലഭിച്ചു കഴിയുമ്പോൾ അതിനേക്കാൾ മെച്ചമായ മറ്റൊന്ന് മറ്റൊരാളിന്റെ കൈയിൽ കാണുകയും ചെയ്യുമ്പോൾ ലഭിച്ചതിനെക്കുറിച്ച് പുച്ഛവും, അന്യന്റെ കൈയിലെ മെച്ചമായത് കൈവശമാക്കാനുള്ള വ്യഗ്രതയും ഉത്കടമാകുന്നു. ഈ ഭ്രമത്തിന്റെ ഭ്രമണത്തിലാണ് മിക്ക മനുഷ്യരും. ലഭിക്കുന്ന നന്മകളെക്കുറിച്ച് സംതൃപ്തി ഇല്ലാതെയും, ആശിക്കുന്ന സാഹചര്യത്തിൽ സന്തോഷമില്ലാതെയും കഴിയുന്നവർ തികഞ്ഞ അന്ധകാരത്തിലാണ്. ലഭിക്കുന്നതെല്ലാം ദൈവം നല്കുന്ന ദാനമാണ്. അത് നന്ദിയോടും വിശ്വസ്തതയോടും ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന സന്തോഷവും സംതൃപ്തിയുമാണ് വെളിച്ചം. ഇടപെടലുകളിലും പെരുമാറ്റങ്ങളിലും ഉള്ള വക്രതയും കുടിലതയും അന്ധകാരമാണ്. പ്രകാശ രശ്മികൾ ഉത്ഭവസ്ഥാനത്തു നിന്ന് പുറപ്പെട്ടാൽ അത് നേർ രേഖയിൽ മാത്രമേ സഞ്ചരിക്കുകയുള്ളൂ. ടോർച്ച് പ്രകാശിക്കുമ്പോൾ ശ്രദ്ധിച്ചാലും സൂര്യരശ്മികൾ ഭൂമിയിലേക്ക് പതിക്കുന്ന സഞ്ചാരപഥം ശ്രദ്ധിച്ചാലും നമുക്കത് മനസ്സിലാക്കാം. നേർക്കുനേരെയുള്ള സഞ്ചാരം പ്രകാശത്തിന്റെ സ്വഭാവമാണ്. ഈ സ്വഭാവം ഇന്ന് മനുഷ്യസമൂഹത്തിൽ നിന്ന് പാടെ മാറിപ്പോയിരിക്കുന്നു. സംഭാഷണങ്ങളിലും ഇടപെടലുകളിലും എല്ലാം വക്രതയും കാപട്യങ്ങളും സർവ്വ സാധാരണമായിരിക്കുന്നു. മനസ്സാക്ഷിയിൽ തന്ത്രങ്ങളും കുതന്ത്രങ്ങളും കുത്തിനിറച്ച് കാര്യസാദ്ധ്യങ്ങൾക്കുവേണ്ടി ഏതുതരം അടവുനയങ്ങളും പ്രയോഗിച്ച് പരസ്പരം വഞ്ചിക്കുന്നതിൽ മനുഷ്യർ മത്സരിച്ചുകൊണ്ടിരിക്കുന്നു. സ്വന്ത സഹോദരങ്ങളേയോ, മറ്റു സ്നേഹിതരേയോ, നമ്മെ പൂർണ്ണമായി വിശ്വസിക്കുന്നവരെപോലുമോ വഞ്ചിച്ചു വെട്ടിലാക്കി സ്വാർത്ഥ ലാഭങ്ങൾ കൊയ്തു കൂട്ടുവാൻ മടിയില്ലാത്ത മനുഷ്യരെ എല്ലാ തലങ്ങളിലും നാം കണ്ടുമുട്ടുന്നു. വ്യക്തി ബന്ധങ്ങളുടെ ശ്രേഷ്ഠതയും മഹനീയതയും ഇന്ന് പരിഗണനാ വിഷയം അല്ലാതായിരിക്കുന്നു. ഇന്ന് മനുഷ്യൻ വിജയിക്കുവാൻ വേണ്ടി മാത്രം ഓടുന്നു. വിശ്വസ്തതയുടെ അർത്ഥം പോലും മനസ്സിലാക്കുവാൻ കെല്പില്ലാതായിരിക്കുന്നു. പെരുമാറ്റങ്ങളിലൂടെയും ഇടപെടലുകളിലൂടെയും വ്യക്തിബന്ധങ്ങളുടെ ഇഴകൾ ഉറപ്പിക്കുവാനും സാമൂഹിക ജീവിതക്രമത്തിന് പുതിയ ശൈലി ഉണ്ടാക്കുവാനും ഒരു പുതിയ ഉൾക്കാഴ്ചയുടേയും വെളിച്ചത്തിന്റേയും ഉദയം ആവശ്യമായിരിക്കുന്നു. അന്ധകാരത്തിന്റെ ചില മേഖലകൾ ഇവിടെ സൂചിപ്പിച്ചു. മറ്റ് തലങ്ങൾ കൂടി കണ്ടുപിടിക്കുവാനും അവിടെയും തിരിച്ചറിവിന്റെ വെളിച്ചം കൊളുത്തുവാനും അങ്ങനെ വെളിച്ചത്തിന്റെ ഒരു പുതിയ സമൂഹം രൂപപ്പെടുവാനും അതിലൂടെ ക്രിസ്തുവിന്റെ വെളിച്ചം ലോകം കാണുവാനും ഇടയാകട്ടെ. ലോകപ്രകാരം വിജയിക്കാനല്ല വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാനാണ് നമ്മെ ഈ ലോകത്തിൽ വിളിച്ചാക്കിയിരിക്കുന്നത്.



# ആസ്വദിച്ച് അനുഗമിച്ചാൽ

വാജിദ അലിഷാ കലാപ്രേമിയും സംഗീതാസ്വാദകനുമായിരുന്നു. തന്റെ ദർബാറിലേക്ക് പാട്ടുകാരെയും കവികളെയും ക്ഷണിച്ചുവരുത്തി അവരുടെ പ്രകടനങ്ങൾ രാജാവ് ആസ്വദിക്കുമായിരുന്നു. പക്ഷേ, ഒരു സംഗീതജ്ഞൻ മാത്രം ഒരിക്കലും വന്നില്ല. രാജാവ് നേരിട്ടുചെന്ന് അദ്ദേഹത്തെ ക്ഷണിച്ചു. സംഗീതജ്ഞൻ പറഞ്ഞു:

“ഞാൻ വരാം, ഒരു വ്യവസ്ഥയിൽ. ഞാൻ പാടിക്കൊണ്ടിരിക്കുമ്പോൾ ആരും തലയാട്ടരുത്.”

രാജാവ് സമ്മതിച്ചു. വാജിദ അലിഷാ ഉടനെ വിളംബരം പുറപ്പെടുവിച്ചു.

“സംഗീതക്കച്ചേരിക്ക് വരുന്നവർ സൂക്ഷിക്കുക. നിങ്ങളുടെ പിറകിൽ ഊരിപ്പിടിച്ച വാളുമായി പട്ടാളക്കാർ നിൽക്കുന്നുണ്ടായിരിക്കും. ആരെങ്കിലും പാട്ടുകേട്ട് തലയാട്ടിയാൽ ആ ക്ഷണം അവരുടെ ശിരസ്സ് ഛേദിക്കുന്നതാണ്.”

ലക്നൗവിൽ അന്ന് കുറഞ്ഞത് പതിനായിരം സംഗീതപ്രേമികളുണ്ടായിരുന്നു. ആപത്ത് ഭയന്ന്, അവരിൽ നൂറു പേർ മാത്രമാണ് പാട്ടുകേൾക്കാൻ എത്തിയത്. ജീവൻ അപകടത്തിലാണെന്നറിഞ്ഞിട്ടും കച്ചേരി കേൾക്കാതിരിക്കാനാവാത്ത യഥാർത്ഥ സംഗീതാസ്വാദകർ മാത്രം.

സംഗീതജ്ഞൻ ആലാപനം തുടങ്ങി. ഊരിപ്പിടിച്ച വാളുമായി പട്ടാളക്കാർ കേൾവിക്കാർക്ക് ചുറ്റിനും അണിനിരന്നു. പത്തുപതിനഞ്ച് മിനിറ്റുകൾ കഴിഞ്ഞപ്പോൾ ഒന്നുരണ്ട് ശിരസ്സുകൾ ചലിച്ചു തുടങ്ങി. പതിയെപ്പതിയെ ചലിക്കുന്ന ശിരസ്സുകളുടെ എണ്ണം കൂടിക്കൂടിവന്നു. രാജാവ് ആകുലചിത്തനായി. ദൈവമേ, ഇവരെയെല്ലാം ഞാൻ കൊല്ലേണ്ടിവരുമല്ലോ.

അർദ്ധരാത്രിയോടെ കച്ചേരി പൂർത്തിയാകുമ്പോൾ നൂറിൽ നൂറുപേരും ശിരസ്സുകളാട്ടുന്നുണ്ടായിരുന്നു. വാജിദ് അലി ക്ഷമാപണത്തോടെ സംഗീതജ്ഞനോട് പറഞ്ഞു:

“അങ്ങേയ്ക്ക് നൽകിയ വാഗ്ദാനം പാലിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഞാനിതാ ഇപ്പോൾത്തന്നെ ഈ നൂറുപേരുടേയും ശിരസ്സുകൾ ഛേദിക്കാൻ പോവുകയാണ്.”


സംഗീതജ്ഞൻ ചിരിച്ചുകൊണ്ട് പറഞ്ഞു: “അങ്ങ് വിഷമിക്കേണ്ട. ഇവരാണ് യഥാർത്ഥ സംഗീതപ്രേമികൾ. പാട്ടുകേൾക്കുമ്പോൾ സ്വന്തം ജീവന്റെ സുരക്ഷിതത്വം പോലും വിസ്മരിക്കുന്ന ഇവർക്കുവേണ്ടിയാണ് ഞാൻ പാടാൻ ആഗ്രഹിക്കുന്നത്. ഇതാണ് ശരിയായ സദസ്സ്. ഞാനെന്റെ ജീവിതകാലം മുഴുവൻ കാത്തിരുന്ന സദസ്സ്. ശിരസ്സനക്കാത്ത ആരെങ്കിലും ഇവിടെയുണ്ടായിരുന്നുവെങ്കിൽ ആ നിമിഷം തന്നെ ഞാനവരെ പുറത്താക്കുമായിരുന്നു. യഥാർത്ഥ ആസ്വാദകരെ കണ്ടെത്താനാണ് ഞാൻ അങ്ങനെയൊരു വ്യവസ്ഥ വെച്ചത്.”

യേശുക്രിസ്തു പറയുന്നത്: ‘‘ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ” എന്നാണല്ലോ (മത്താ. 16:24).

‘ക്രൂശ് എടുക്കുക’ എന്ന വാക്ക് പലപ്പോഴും തെറ്റായ വ്യാഖ്യാനത്തിന് വിധേയമായിട്ടുണ്ട്. നമ്മുടെ സ്വന്ത തീരുമാനം കൊണ്ട് കഷ്ടത ഉളവാക്കുന്നതല്ല ക്രൂശു വഹിക്കുക എന്നത്. പീഢനം അനുഭവിക്കുന്നതുമല്ല ക്രൂശു വഹിക്കുക എന്നതിൽ അർത്ഥമാക്കുന്നത്. ദൈവ ഇഷ്ടം നമ്മിൽ നിറവേറ്റുന്നതിന് നാം നമ്മെത്തന്നെ വിധേയരാക്കുമ്പോൾ അതിനു കൊടുക്കേണ്ടിവരുന്ന വിലയത്രെ ക്രൂശ്. യേശുക്രിസ്തു അത്രേ ഇതിനുള്ള മാതൃക.




# അനുയോജ്യമായത് നൽകുക അരുതാത്തത് നിരസിക്കുക



**രോ**ഹിത് എന്നാണവന്റെ പേര്. സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ അവനെയും കൂട്ടി വന്നത് അവന്റെ മാതാപിതാക്കളാണ്. അയാൾ ബി.എസ്.എൻ.എൽ. ജോലിക്കാരനും, ഭാര്യ സിസിലി ജോൺ നഴ്സുമാണ്. രോഹിത് കുറെ ദിവസങ്ങളായി സ്കൂളിൽ പോയിട്ട്.

വീടിനു പുറത്തേക്കുപോലും ഒന്നിറങ്ങാൻ അവൻ കൂട്ടാക്കുന്നില്ല. പാസ്റ്റർ വീട്ടിൽ വന്നപ്പോൾ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു, പിന്നെ അവനെ ഉപദേശിച്ചു. അദ്ദേഹം തന്നെയാണു കൗൺസലിംഗ് സെന്ററിലേക്ക് അവനേയും കൂട്ടി പോകാൻ മാതാപിതാക്കൾക്കു നിർദ്ദേശം നൽകിയതും.

രോഹിത്തിന്റെ മുഖത്താകെ ഭയവും അസ്വസ്ഥതയും നിഴലിച്ചിരുന്നത് ഞാൻ ശ്രദ്ധിച്ചു. അവൻ തന്റെ മനസൊന്നു തുറക്കാൻ മണിക്കൂറുകൾതന്നെ എടുത്തു. രോഹിത് പഠനത്തിൽ മാത്രമല്ല, പാഠ്യേതര വിഷയങ്ങളിലും മികവു കാട്ടിയിരുന്നു. എന്നാൽ കമ്പോളത്തിൽ ഇറങ്ങുന്ന പുതുപുത്തൻ സെൽഫോണുകൾ വാങ്ങുകയെന്നത് അവനൊരു ഹരമായിരുന്നു. തങ്ങളുടെ മകന്റെ അത്തരമൊരു നിർബന്ധത്തിനു മാതാപിതാക്കളായ ജോണും സിസിലിയും ഒട്ടൊക്കെ വഴങ്ങുകയും ചെയ്തിരുന്നു.

രോഹിത് ഓർക്കുന്നുണ്ട് ആദ്യമായി അവന്റെ സെൽഫോണിലേക്ക് ആ അജ്ഞാത ഫോൺ കോൾ എത്തിയ ദിനം. അങ്ങേതലയ്ക്കൽ അപരിചിതമായ സ്ത്രീ ശബ്ദം. മോന്റെ മമ്മിയെപോലെ തന്നെ കണ്ടാൽ മതി എന്ന് പറഞ്ഞു താൻ ആരാണെന്ന് വെളിപ്പെടുത്താതിരുന്ന ആ സ്ത്രീ രോഹിത്തിനെ പെട്ടെന്ന് കൈയിലെടുക്കുകതന്നെ ചെയ്തു. ആദ്യമൊക്കെ ആ സ്ത്രീയുടെ സംസാരരീതി വളരെ ആകർഷകമായിരുന്നതിനാൽ പല ദിനങ്ങളിലും പല രാത്രികളിലും അവൻ അവരുടെ മിസ്കോളും പ്രതീക്ഷിച്ചിരുന്നു. ആരംഭദിനങ്ങളിൽ സ്നേഹപൂർവ്വം തന്നെ ഉപദേശിച്ചിരുന്ന, താൻ ആന്റി എന്നു വിളിച്ചിരുന്ന ആ സ്ത്രീ തന്നോട് പിന്നീടങ്ങോട്ട് 'വേണ്ടാത്ത കാര്യങ്ങൾ' പറയാനും പഠിപ്പിക്കാനും വിവരിക്കാനും തുടങ്ങി എന്ന് രോഹിത് സാക്ഷ്യപ്പെടുത്തുന്നു.

ആന്റിയുടെ ശബ്ദം കേൾക്കാതെ ആ ദിനങ്ങളിൽ അവന് ഉറങ്ങാൻ കഴിയുമായിരുന്നില്ല. ആ സ്ത്രീയിൽ നിന്നും ലൈംഗികശാസ്ത്രം കേട്ടു പഠിച്ച അവന്റെ ശ്രദ്ധ പിന്നീടങ്ങോട്ട് പഠനത്തിൽ നിന്നും തെന്നിമാറി. രോഹിത് തന്റെ ലൈംഗിക വികാരങ്ങളെ ത്രസിപ്പിക്കുന്ന നീലച്ചിത്രങ്ങളും മറ്റും കാണാൻ തുടങ്ങി എന്നു മാത്രമല്ല അത് അവൻ പതിവാക്കുകയും ചെയ്തു. ഒരു തവണ കോഴിക്കോട്ടുനിന്നാണെന്നു പറഞ്ഞ് മറ്റൊരു സ്ത്രീയും രോഹിത്തിന്റെ ഫോണിലേക്ക് വിളിച്ചു. അവന് പരിചയമുള്ള ആന്റിയുടെ കൂട്ടുകാരിയാണെന്നുപറഞ്ഞാണ് ആ സ്ത്രീ തന്നെത്തന്നെ പരിചയപ്പെടുത്തിയത് എന്ന് രോഹിത് പറയുന്നു. ആ സ്ത്രീയുടെയും സംസാരവിഷയം ശരീരശാസ്ത്രവും അനുബന്ധകാര്യങ്ങളുമൊക്കെയായിരുന്നു.

രണ്ടുപേരും രോഹിത്തിനെ നേരിൽ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും എന്തോ അത് പന്തിയല്ല എന്ന് കരുതി അവൻ ആ ക്ഷണം നിരസിച്ചു. താൻ തെറ്റായ വഴിയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന് രോഹിത്തിന് എപ്പോഴോ തോന്നിത്തുടങ്ങിയപ്പോൾ മുതലാണ് അവൻ പിന്നീടങ്ങോട്ട് ആ മിസ് കോളുകളോട് പ്രതികരിക്കാതിരുന്നത്. ഒരു ദിനം അവന്റെ ഫോണിലേക്ക് വന്ന അപരിചിത കോൾ അവൻ എടുത്തു. അങ്ങേതലയ്ക്കൽ പുരുഷശബ്ദം. ഭീഷണിയുടെ സ്വരമാണ്. പെണ്ണുങ്ങളെ വിളിച്ച് ശല്യം ചെയ്യുമല്ലേടാ! നിന്നെ കേസിൽ കുടുക്കാൻ ഞങ്ങളുടെ കൈയിൽ മതിയായ തെളിവുകളുണ്ടെന്നും മറ്റും പറഞ്ഞ് ആ മനുഷ്യൻ പിന്നെയും അവനെ ഫോണിലൂടെ വളരെയേറെ അസഭ്യം പറഞ്ഞു. കേസിൽ കുടുക്കാതിരിക്കണമെങ്കിൽ തന്നെ വന്ന് കാണണമെന്നും നഷ്ടപരിഹാരമായി പണം നൽകണമെന്നും അയാൾ അവനോട് പറഞ്ഞു. തന്റെ മാതാപിതാക്കളും മറ്റും ഈ കാര്യങ്ങൾ അറിഞ്ഞാലുള്ള സ്ഥിതിയെക്കുറിച്ച് ഓർത്ത് രോഹിത് അസ്വസ്ഥനായി. വന്നു ഭവിക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഓർത്തപ്പോൾ മരിച്ചാൽ മതിയെന്നു പോലും അവൻ ചിന്തിച്ചു. അതിനടുത്ത ദിവസങ്ങളിലാണ് പാസ്റ്റർ വീട്ടിൽ ചെന്നതും കൗൺസലിംഗിനായി നിർദ്ദേശിച്ചയച്ചതും.

മക്കളെ സ്നേഹിക്കുന്നവരും അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മുറപോലെ നിറവേറ്റുന്നവരുമായ മാതാപിതാക്കൾക്കായി ഒരു കുറിപ്പ്: നമ്മുടെ മക്കളെ ചതിക്കെണികളിൽ പെടുത്തുവാനും അവരിൽ തിന്മയുടെ വിത്തുകൾ വിതറുവാനും വീടിനു പുറത്തു വഴികളും വ്യക്തികളും ഇന്നേറെയാണ്. പക്വതയില്ലാത്ത പ്രായത്തിൽ മക്കളുടെ ഇഷ്ടാനുസൃതം സെൽഫോണുകളും മറ്റും അവർക്കു വാങ്ങിക്കൊടുക്കുമ്പോൾ ആ വഴിക്ക് അവർ ചതിക്കെണികളിൽ അകപ്പെടാനുള്ള മാർഗ്ഗങ്ങൾ നിരവധിയാണെന്ന് അപ്പനമ്മമാർ അറിയണം. അവരുടെ നന്മയ്ക്കായി അനുയോജ്യമായതു നല്കുവാനും അരുതാത്തതു നിരസിക്കുവാനും പക്വമതികളായ മാതാപിതാക്കൾക്കു കഴിയണം.




**തെ**രുവിൽ ജീവിക്കുന്ന ഒരു കൂട്ടം പാവം കുട്ടികൾ... ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാത്തവർ... അങ്ങനെയുള്ള കുറച്ചു കുട്ടികൾ ചേർന്ന് ഒരു കൊച്ചു ബാങ്ക് തുടങ്ങി എന്ന് കേട്ടാലോ? അത്ഭുതകരമായ ആ കഥ വായിച്ചോളൂ....

ചിൽഡ്രൻസ് ഡവലപ്പ്മെന്റ് ഖജാന (Children's Development Khazana) എന്നും CDK എന്നും ബാൽ വികാസ് ബാങ്ക് എന്നുമൊക്കെ അറിയപ്പെടുന്ന ഈ അത്ഭുത പ്രവർത്തനം ആരംഭിച്ചത് 2011-ൽ ന്യൂഡൽഹിയിൽ ആണ്.

തെരുവുകുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'ബട്ടർഫ്ളൈസ്' എന്ന സന്നദ്ധ സംഘടനയാണ് CDK എന്ന ആശയം ആ കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തി കൊടുത്തത്. ആ കുട്ടികൾ കഷ്ടപ്പെട്ട് സമ്പാദിക്കുന്ന പണം പലപ്പോഴും കള്ളന്മാർ തട്ടിപ്പറിക്കുകയായിരുന്നു പതിവ്. അതുകൊണ്ടുതന്നെ പണം സൂക്ഷിക്കാൻ ഒരു വിദ്യ കണ്ടുപിടിക്കാൻ അവർ കുറേ ആലോചിച്ചു. അങ്ങനെയാണ് 'ബട്ടർഫ്ളൈസ്' എന്ന സംഘടനയുടെ സഹായത്തോടെ 2011-ൽ ന്യൂഡൽഹിയിൽ CDK യുടെ ആദ്യ ബ്രാഞ്ച് തുറന്നത്!

ഇന്ന് ന്യൂഡൽഹിയിൽ തന്നെ 23 ബ്രാഞ്ചുകൾ ഇതിനുണ്ട്. എന്നുമാത്രമോ? മിക്ക ഏഷ്യൻ രാജ്യങ്ങളിലും CDK പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. നേപ്പാൾ ബംഗ്ലാദേശ്, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ, കിർഗിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലായി 77 അംഗീകൃത ബ്രാഞ്ചുകൾ ആണ് CDK യ്ക്ക് ഉള്ളത്. പല അന്താരാഷ്ട്ര സംഘടനകളും ഈ കൊച്ചു ബാങ്കിന്റെ വലിയ വളർച്ചയെ അത്ഭുതത്തോടെ നിരീക്ഷിക്കുകയാണ്!

ഈ ചിന്നബാങ്ക് എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന് അറിയേണ്ടേ? ബാങ്ക് നടത്തിപ്പുകാരും ബാങ്കിലെ ഇടപാടുകാരുമൊക്കെ തെരുവുകുട്ടികൾ തന്നെ ആവുമ്പോൾ ഇതൊക്കെ നന്നായി നടക്കുമോ എന്ന് ആർക്കും സംശയം തോന്നാം അല്ലേ? പക്ഷേ ലോകത്തിലെ ഏതൊരു മികച്ച ബാങ്കിനേയും പോലെ CDK യും പ്രവർത്തിക്കുന്നു. വൈകുന്നേരങ്ങളിലാണ് ബ്രാഞ്ചുകൾ പ്രവർത്തനം തുടങ്ങുക. അന്ന് പകൽ മുഴുവൻ പണി ചെയ്ത് തളർന്ന ഏതെങ്കിലും കൊച്ചു മിടുക്കനാവും 'ബാങ്ക് ഉദ്യോഗസ്ഥൻ'.

ഓരോ ബ്രാഞ്ചും ആറു മാസം കൂടുമ്പോൾ രണ്ട് വളണ്ടിയർ മാനേജർമാരെ തെരഞ്ഞെടുക്കും. ഇവർക്കാണ് മൊത്തം കാര്യങ്ങളുടെ മേൽനോട്ടം. എഴുത്തും വായനയും അറിയുന്നവരാണ് 'ബാങ്ക് ഉദ്യോഗസ്ഥർ' ആവുക! കൊച്ചുകൊച്ച് ജോലികൾ ചെയ്യുന്നവർ മുതൽ സ്കൂൾ വിദ്യാർത്ഥികൾ വരെ ഇക്കൂട്ടത്തിൽ ഉണ്ട്! വിദ്യാർത്ഥികൾക്കുള്ള പഠനസഹായത്തിനായി CDK പ്രത്യേകം ലോണുകൾ നൽകാറുണ്ട്!

# ഓടികളിച്ചാൽ വൈദ്യുതി

**സ്**കൂൾ വിട്ടുവന്നാൽ ടി.വി. കാണാനും കമ്പ്യൂട്ടർ ഗെയിം കളിക്കാനുമൊക്കെ ഇഷ്ടപ്പെടുന്നവരല്ലേ കൂട്ടുകാരെല്ലാം. എന്നാൽ ഘാനയിലെ സ്കൂൾകുട്ടികൾക്ക് ഇതൊന്നും സ്വപ്നം കാണാൻ പോലും പറ്റുന്ന കാര്യമായിരുന്നില്ല. കാരണം, ആ നാടിന്റെ മിക്ക ഭാഗങ്ങളിലും വൈദ്യുതി എത്തിയിരുന്നില്ല. എന്നാൽ ഇന്ന് സ്ഥിതി മാറി. അതിനു കാരണമായതാകട്ടെ സ്കൂളുകളും. അവിടെ ഡാമുകളിൽ ഉണ്ടാക്കുന്നതിന്റെ ഇരട്ടിയിലധികം വൈദ്യുതി സ്കൂളുകളിൽ ഉണ്ടാക്കപ്പെടുന്നു. മൈതാനത്ത് ഭൂമിക്കടിയിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക സംവിധാനത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. കുട്ടികൾ ഓടിക്കളിക്കുമ്പോൾ ഉണ്ടാകുന്ന ഗതികോർജത്തെ ഭൂമിക്കടിയിലുള്ള ഈ സംവിധാനത്തിലൂടെ വൈദ്യുതോർജ്ജമാക്കി മാറ്റുന്നു. അങ്ങനെ വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെടുന്നു. ഘാനയിലെ മിക്കസ്കൂളുകളിലും ഇന്ന് ഈ സംവിധാനം നിലവിലുണ്ട്. കളികളിലൂടെ രാജ്യത്തിന് പ്രകാശം നൽകിയ ഈ കുട്ടികൾ ലോകത്തിനു തന്നെ മാതൃകയാണ്.





# സ്നേഹത്തിന്റെ ഭാഷ

ഇന്ന് ഏറ്റവും അധികം തെറ്റിധരിക്കപ്പെട്ടിട്ടുള്ള ഒരു വികാരമാണ് സ്നേഹം. ഏതു രംഗത്തും ഇതേപ്പറ്റിയുള്ള പരാതികളാണ്. "കഴിഞ്ഞ പതിനാറുവർഷമായി വിവാഹം കഴിഞ്ഞിട്ട്, ഇതേവരെ സ്നേഹം എന്തെന്ന് ഞാൻ അറിഞ്ഞിട്ടുപോലുമില്ല." -ഇത് ഒരു ഭാര്യയുടെ പരാതി. "എന്റെ പപ്പയ്ക്കും, മമ്മിക്കും എന്നോട് അല്പംപോലും സ്നേഹമില്ല. തൊടുന്നതിനെല്ലാം കുറ്റം പറയും. എന്തിനും വാക്കുകൊണ്ട് കുത്തിനോവിക്കുവാനും, വേദനിപ്പിക്കുവാനും മാത്രമേ അറിയൂ. എപ്പോഴും മറ്റുള്ളവരെ നോക്കി എന്നെ താരതമ്യപ്പെടുത്തലാണ് പ്രധാന ജോലി. എനിക്കെല്ലാവരോടും ഇപ്പോൾ ഒരുതരം വെറുപ്പാണ്." ഇത് മക്കളുടെ പരാതി. "വീട്ടിലേക്ക് കയറിച്ചെന്നാൽ എപ്പോഴും പരാതികളുടെ പട്ടികയല്ലാതെ എന്റെ ഭാര്യയ്ക്കില്ല. പറഞ്ഞത് കുറ്റം, നോക്കിയതു കുറ്റം, പോയതു കുറ്റം, ചെയ്തതു കുറ്റം, എല്ലാം കുറ്റം. സ്നേഹിക്കാനവൾക്കറിഞ്ഞുകൂടാ." ഇത് ഭർത്താവിന്റെ പരാതി. "കഴിഞ്ഞ 28 വർഷം കൈയുടെ വെള്ളയ്ക്കുവച്ച് അവനെ ഞാൻ വളർത്തിയതാ. ഇപ്പോഴവന് അവന്റെ ഭാര്യ വന്നപ്പോൾ ഞങ്ങളെ വേണ്ടാ. ഞങ്ങൾ കിളവനും കിളവിയുമായില്ലേ. ഇനി ഞങ്ങൾക്കെന്തു സ്ഥാനം. ഒരല്പം സ്നേഹത്തിനായി ഞങ്ങൾ ആഗ്രഹിച്ചിട്ടെന്തു കാര്യം? അവർക്കിപ്പോൾ ഞങ്ങളെ പുച്ഛമാണ്. സ്നേഹിച്ചില്ലെങ്കിലും സാരമില്ല; വെറുക്കാതിരുന്നാൽ മതിയായിരുന്നു. അധികമൊന്നും അനുഭവിക്കാതെ ഞങ്ങളെ എത്രയും വേഗം ഈ ലോകത്തുനിന്നും തിരികെ വിളിച്ചാൽ മതിയായിരുന്നു." ഇതു പ്രായമായ മാതാപിതാക്കളുടെ പരാതി.

"രാവിലെ ഓഫീസിൽ വന്നാൽ ഞങ്ങളുടെ ഓഫീസറുണ്ടല്ലോ, മുഖത്ത് നോക്കുകപോലുമില്ല. ഒന്നു വിഷ് ചെയ്താൽ തിരിച്ച് ഒരു മറുപടിയുമില്ല. ഒരു സ്നേഹവുമില്ലാത്ത ഒരുതരം മുരടനാണയാൾ." ഇത് ഓഫീസ് ജീവനക്കാരന്റെ പരാതി. "ഞങ്ങളുടെ സാർ ഒരു പ്രത്യേക കക്ഷിയാണ്. കുട്ടികളോട് ഒരു സ്നേഹവുമില്ല. അടിക്കാൻ മാത്രമറിയാം. ഒന്നു ചിരിക്കുകപോലുമില്ല." ഇത് ഒരു വിദ്യാർത്ഥിയുടെ പരാതി.

"ഈ പിള്ളാരെ പഠിപ്പിച്ചിട്ടെന്തു കാര്യം. എത്ര കഷ്ടപ്പെട്ടു പഠിപ്പിച്ചാലും ഇവനൊന്നും നന്ദിയില്ല, അനുസരണവുമില്ല. പുറത്തുവച്ച് കണ്ടാൽ എന്തൊരു ഭാവവും പുച്ഛവും. സ്നേഹമില്ലാത്ത ജാതി." ഇത് അധ്യാപകന്റെ പരാതി. "ഇത്രയും കാലം ഞാൻ തന്നെ സ്നേഹിച്ചു. ഞാൻ പലതും തന്നോട് ആവശ്യപ്പെട്ടു. ഒന്നിനും താൻ സഹകരിക്കുകയോ സമ്മതിക്കുകയോ ചെയ്തില്ല. എനിക്കുമില്ലേ വികാരങ്ങളൊക്കെ. തനിക്ക് സ്നേഹമില്ലെന്നിപ്പോൾ എനിക്കു വ്യക്തമായി." ഇതൊരു പ്രണയനാടകത്തിലെ പരാതി. ചുരുക്കിപ്പറഞ്ഞാൽ സ്നേഹത്തിന്റെ പേരിൽ എന്തെല്ലാം പരാതികൾ, എത്രയധികം പ്രശ്നങ്ങൾ. കുടുംബപ്രശ്നങ്ങൾ, വിവാഹമോചനം, സുഹൃദ്ബന്ധത്തിലെ വിടവുകൾ എന്നുവേണ്ട അവസാനം വിവാഹമോചനവും ആത്മഹത്യയും വരെ ചെന്നെത്തുന്നു.

എന്നാൽ എന്താണീ സ്നേഹം? സ്നേഹം പ്രധാനമായി നാലുതരമായി തിരിച്ചിരിക്കുന്നു. ഒരുവൻ തന്റെ ശാരീരികമായ-വൈകാരിക സംതൃപ്തിക്കായി മറ്റൊരു വ്യക്തിയെ ഉപയോഗപ്പെടുത്തുന്ന സ്നേഹം, ഇതാണ് ഒന്നാമത്തേത്. എന്നാൽ താൻ പഠിപ്പിക്കുന്ന ഒരു വിദ്യാർത്ഥി ഏറ്റവും നന്നായി പഠിക്കുമ്പോൾ ഒരു അധ്യാപകന് ആ വിദ്യാർത്ഥിയോടുണ്ടാകുന്ന വാത്സല്യമാണ് രണ്ടാമത്തേത്. അതേസമയം മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളോടുണ്ടാകുന്ന സ്നേഹമാണ് മൂന്നാമത്തേത്. ദൈവത്തിന് തന്റെ സൃഷ്ടികളോടുള്ള പ്രതിഫലേച്ഛ കൂടാത്ത സ്നേഹമാണ് നാലാമത്തെ വിഭാഗത്തിലുള്ള സ്നേഹം. ഒന്നാമത്തേത് വെറും ശാരീരിക സംതൃപ്തിക്കുവേണ്ടി മാത്രമുള്ളതാകുമ്പോൾ രണ്ടാമത്തേത് വാത്സല്യത്തിന്റെയും അഭിമാനത്തിന്റെയും സ്നേഹമാണ്. മൂന്നാമത്തേത് സന്തോഷത്തിന്റെയും ത്യാഗത്തിന്റെയും ഊഷ്മളതയുടെയും ഭാവം. എന്നാൽ നാലാമത്തേത് സാക്ഷാൽ ദൈവസ്നേഹം. ഇവിടെ പരാതിയില്ല, പിണക്കമില്ല, ഏറ്റക്കുറച്ചിലില്ല, കണക്കുപറച്ചിലുമില്ല. മറിച്ച്, തന്നിലുള്ളതിന്റെ പരമാവധി യാതൊന്നും പ്രതീക്ഷിക്കാതെ തന്നെ മറ്റൊരാൾക്ക് നൽകുന്നു. സന്തോഷത്തോടും സ്വയതാല്പര്യത്തോടും നൽകുന്ന സ്നേഹമായതിനാൽ കൊടുക്കുന്നയാൾക്ക് നഷ്ടബോധമോ കൂടുതലായി പോയി എന്ന ചിന്തയോ ഉണ്ടാകുന്നില്ല. ഇവർ എത്രയും കൊടുക്കുന്നുവോ അതനുസരിച്ച് അവരിലെ സംതൃപ്തി വർധിച്ചുവരികയും കൂടുതൽ കൂടുതൽ കൊടുക്കുവാനുള്ള പ്രേരണ സംജാതമാകയും ചെയ്യുന്നു. കൂടാതെ സ്നേഹം മറ്റുള്ളവരിലേക്ക് സന്തോഷത്തോടെ ഒഴുകുവാനുള്ള തടസ്സമില്ലാത്ത ഒരു വഴി തുറന്നുകൊടുത്താൽ അതിലൂടെ സ്നേഹം തിരികെ ഒഴുകുവാനും നാം അറിയാതെതന്നെ ഇടയാകുന്നു.

സ്നേഹം അനുഭവിക്കുന്നത് ഏറ്റവും സന്തോഷകരമായ അനുഭവമെങ്കിലും നമ്മിൽ അന്തർലീനമായിരിക്കുന്ന സ്നേഹം എങ്ങനെ പ്രകടിപ്പിക്കണം എന്ന് നിശ്ചയമില്ലാത്ത ധാരാളം ആളുകൾ ഉണ്ട്. മാതാപിതാക്കൾ, ഭാര്യാഭർത്താക്കന്മാർ, മക്കൾ എന്നിവരിൽ ചിലരെങ്കിലും ഈ കൂട്ടത്തിൽ ഉൾപ്പെടുന്നവരാണ്. സ്നേഹം ഉള്ളിൽ ഒതുക്കിവച്ചേക്കുവാനുള്ളതല്ല; ഇത് പകരുവാൻ ഉള്ളതാണ്. കൊടുക്കാത്തടത്തോളം അത് നഷ്ടപ്പെട്ടുപോവുകയേ ഉള്ളൂ. അകിടിൽ ചുരത്തുന്ന പാൽ കുട്ടിക്ക് കുടിക്കുവാനുള്ളതാണ്. അത് കൊടുക്കാതെയിരുന്നാൽ അത് അമ്മയ്ക്കും കുട്ടിക്കും ഒരുപോലെ ദോഷമായിത്തീരുന്ന അനുഭവമാണ് സ്നേഹം കൊടുക്കാതെയിരുന്നാലുള്ള അവസ്ഥ. സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നയാളിന് അത് വേണ്ടതുപോലെ കൊടുക്കാതെയിരുന്നാൽ കട്ടുകുടിക്കുവാനോ, വരണ്ടു മുരടിച്ചുപോകുവാനോ നാം പരോക്ഷമായി മറ്റുള്ളവരെ പ്രേരിപ്പിക്കുകയല്ലേ ചെയ്യുന്നത്. കൂടാതെ പകരാതിരിക്കുന്ന സ്നേഹം കെട്ടിക്കിടന്നാൽ അവിടേക്ക് പുതിയതായി ഒന്നും പ്രവേശിക്കാതെ കെട്ടിക്കിടന്ന് ദുഷിച്ചുനാറുവാൻ നാം അവസരമൊരുക്കുകയല്ലേ ചെയ്യുന്നത്.

ഇവിടെയുള്ള ചോദ്യം, എങ്ങനെയാണ് ഈ സ്നേഹം പകരുന്നത്? ഇന്ന് പലരും സ്നേഹം പകരുന്ന രീതികൾ വളരെ വിചിത്രമാണ്. മക്കൾ നന്നായി പഠിക്കണം എന്നുള്ളത് മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹത്തിൽ നിന്നും ഉയരുന്ന ആഗ്രഹമാണ്. എന്നാൽ പ്രതീക്ഷകൾപോലെ പഠനം നടക്കുന്നില്ല എന്നു കാണുമ്പോൾ ചീത്തപറഞ്ഞും, കുത്തുവാക്കുകൾ ഉപയോഗിച്ചും, അടിച്ചും പഠിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇത്തരം പ്രവൃത്തിയിൽ നിന്നും മക്കൾക്ക് സ്നേഹം ലഭിക്കുന്നില്ല എന്നതാണ് സത്യം. മറിച്ച് അവർ വേദനയും, നിരാശയും സങ്കടവും അനുഭവിക്കുന്നു. അതോടൊപ്പം മാതാപിതാക്കൾക്കളോട് ഒരുതരം വെറുപ്പ് വളർത്തുകയും ചെയ്യുന്നു. മക്കൾ നന്നാകുവാനായി സ്നേഹം കാരണം സ്ഥിരം ഉപദേശം കൊടുത്തുകൊണ്ടിരുന്ന ഒരു മാതാവിനോട് മകൾ പറഞ്ഞതിപ്രകാരമാണ്: "അമ്മേ നീണ്ട പുസ്തകങ്ങളായി എന്നെ ഉപദേശിക്കുന്നതിനു പകരം ചെറിയ ഖണ്ഡികകളായി എന്നെ ഉപദേശിച്ചു കൂടേ." അമ്മ ചെയ്യുന്നത് സ്നേഹത്തിൽ നിന്നാണ്. മകൾക്ക് ഇത് തലവേദനയും വെറുപ്പുമായി അനുഭവമാകുന്നു.



ഭർത്താവിന്റെ മാതാവിലേക്ക് സ്നേഹം ഒഴുകിപ്പോകാതിരിക്കാൻ എപ്പോഴും അമ്മായിയമ്മയുടെ കുറ്റവും കുറവും പറയുന്ന ഭാര്യ ഭർത്താവിന് സ്നേഹം നൽകുന്നില്ല എന്നു മാത്രമല്ല ഭർത്താവിൽ നിന്നും ഒഴുകേണ്ട സ്നേഹത്തിന്റെ പാത മുറിച്ചുകളയുകയുമാണ് ചെയ്യുന്നത്. ഭാര്യ, ഭർത്താവിനോടുള്ള അമിതമായ സ്നേഹം മൂലം ഭർത്താവ് നഷ്ടപ്പെടുമോ എന്നുള്ള ഉത്കണ്ഠ വളർത്തുകയും ഭർത്താവിന്റെ ഓരോ ചലനത്തെയും സംശയത്തോടെ വീക്ഷിക്കുകയും ചെയ്യുന്നു. തൽഫലമായി ഭാര്യ മറ്റു സ്ത്രീകളുടെ പേരുപറഞ്ഞ് കുത്തുവാക്കുകൾ ഉപയോഗിക്കുകയും ഭർത്താവിനോട് വഴക്കിടുകയും ചെയ്യുന്നു. ഇവിടെ ഭർത്താവിന് ലഭിക്കുന്നത് സ്നേഹമല്ല എന്നു വ്യക്തം. ഇതുപോലെ തന്നെ താൻ സ്നേഹിക്കുന്ന ഭാര്യ തന്റേത് മാത്രമെന്നു കരുതുകയും ഭാര്യയെ ഇടംവലം വിടാതെ ഒരുതരം ജയിൽ അനുഭവത്തിൽ ആക്കുന്നതു കൂടാതെ അവൾ ആരോടെങ്കിലും (പുരുഷന്മാരോട്) സംസാരിച്ചാൽ തനിക്ക് ലഭിക്കേണ്ട സ്നേഹം നഷ്ടപ്പെടാതിരിക്കുവാൻ അവളെ ഉപദ്രവിക്കുകയും വാക്കുകളിലൂടെ കുത്തി വേദനിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിലും സ്നേഹം തൊട്ടുതീണ്ടിയിട്ടില്ല.

സ്നേഹത്തിന്റെ മൂടുപടം അണിഞ്ഞുകൊണ്ട് നീണ്ട ഉപദേശങ്ങൾ, അടി, കുറ്റം പറച്ചിൽ, കുത്തുവാക്കുകൾ, കളിയാക്കലുകൾ, വേദനിപ്പിക്കൽ, പകരത്തിനുപകരം ചെയ്യൽ, ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ടുമുണ്ട് എന്ന മനോഭാവത്തോടെയുള്ള പ്രവർത്തനങ്ങൾ, പാരവയ്ക്കലുകൾ, സംശയങ്ങൾ, പഠിപ്പിക്കലുകൾ, വഴക്കിടുമ്പോൾ മാത്രം ആവശ്യങ്ങൾ സാധിച്ചുകൊടുക്കൽ ഇതിലൊന്നും സ്നേഹം എന്നത് അന്തർലീനമായിട്ടില്ല.

അപ്പോൾപ്പിന്നെ എങ്ങനെയാണ് സ്നേഹം കൊടുക്കേണ്ടത് അഥവാ പ്രകടിപ്പിക്കേണ്ടത്? സ്നേഹം മറ്റൊരാളിന് അനുഭവമാകുന്ന വിധത്തിൽ പ്രകടിപ്പിക്കണം. ഉദാഹരണമായി, നാം വളർത്തുന്ന ഒരു പട്ടിക്കുട്ടി അതിന് വിറ്റാമിൻ നൽകുവാൻ ഡോക്ടർ ആവശ്യപ്പെട്ടപ്പോൾ ആ മരുന്ന് വാങ്ങിയശേഷം പട്ടിയെ എടുത്ത് എളിയിലേക്ക് വച്ചിട്ട് മരുന്നെടുത്ത് സ്പൂണിൽ കോരി പട്ടിക്ക് കൊടുക്കുവാൻ ശ്രമിച്ചാൽ നായ് അത് മൂക്കുകൊണ്ട് തട്ടി താഴെ തള്ളിയിടും. എന്നിട്ട് എളിയിൽ നിന്നും താഴെ ചാടി സന്തോഷത്തോടെ നാക്കുകൊണ്ട് നക്കി കഴിക്കുന്നതായി കാണാം. അതിന് സ്പൂണുകൊണ്ട് കഴിക്കുന്നതിനേക്കാൾ നാക്കുകൊണ്ട് നക്കി കഴിക്കുന്നതാണ് ഇഷ്ടം. അതുപോലെ നാം കൊടുക്കുന്ന സ്നേഹവും മറ്റുള്ളവർ സന്തോഷത്തോടും സംതൃപ്തിയോടും കൂടി അനുഭവിക്കേണം.

സ്നേഹം പ്രകടിപ്പിക്കൽ ഒരു കീറാമുട്ടിയല്ല മറിച്ച്, നമുക്ക് അല്പം ക്ഷമ ആവശ്യമാണ്. നന്നായി ശ്രദ്ധിക്കുന്നതും മനസ്സിലാക്കുന്നതും സ്നേഹത്തിന്റെ പ്രകടനമാണ്. മുഖത്തുണ്ടാകുന്ന നല്ല ഒരു പുഞ്ചിരി, സാവധാനത്തിലും പരുക്കനല്ലാതെയുമുള്ള സംസാരം, മനസ്സിലാക്കിയുള്ള മറുപടി പറച്ചിൽ, തെറ്റുകളെ ഊതി പർവതീകരിക്കാതെ

ശേഷം 8-ാം പേജ്

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# നമ്മുടെ തത്വശാസ്ത്രവും



# ക്രിസ്തുവിന്റെ തത്ത്വവും

അവനവനിലേക്കും അവനവന്റെ വീട്ടിലേക്കും മാത്രം ശ്രദ്ധ വയ്ക്കുന്ന ഈ കാലത്ത് കൂട്ടംകൂടൽ ഉദ്ഘോഷിക്കപ്പെടേണ്ടതുതന്നെയാണ്. സംഗമങ്ങൾ എപ്പോഴും ഊർജ്ജം സംക്രമിപ്പിക്കാറുണ്ട്. രണ്ടുതരം ഊർജ്ജങ്ങളാണ് സംഗമങ്ങളിൽ നിന്നുളവാകുന്നത് - നിർമ്മാണോർജ്ജവും, നശീകരണോർജ്ജവും. ഇത്തരം നിർമ്മാണോർജ്ജങ്ങളായിരുന്നു സമൂഹത്തിന്റെ വളർച്ചയ്ക്ക് കാരണമായിരിക്കുന്നത്. എന്ന് സംഗമങ്ങൾ മറന്ന് അവനവനിലേക്കു മാത്രം ശ്രദ്ധിക്കുവാൻ തുടങ്ങിയോ അന്നാരംഭിച്ചതാണ് സമൂഹത്തിന്റെ ശിഥിലീകരണം.

ദൈവത്തിനുപോലും ഒറ്റയ്ക്കിരിക്കുവാൻ ഇഷ്ടമല്ല എന്നാണ് തോന്നുന്നത്. അതുകൊണ്ടാണല്ലോ മനുഷ്യനെ സൃഷ്ടിച്ച് ഏദനിലാക്കിയിട്ട് അവനോടു കൂടെ ഉലാത്തുവാൻ വെയിലാറുമ്പോൾ തോട്ടത്തിലേക്കെത്തിയിരുന്നത്. നമ്മുടെ കൂടെയിരിക്കുവാൻ ഇമ്മാനുവേലാകുവാനും അവന് ഇഷ്ടം തോന്നിയത് ഈ കൂട്ടായ്മയുടെ ആഗ്രഹംകൊണ്ടു തന്നെയാണ്. യേശുവിന്റെ കൂടെ മിക്കപ്പോഴും ജനക്കൂട്ടമുണ്ടായിരുന്നു. ജനമുള്ളിടത്ത് അവനുണ്ടായിരുന്നു എന്നു പറയുന്നതാണു കൂടുതൽ ശരി. പ്രത്യേകിച്ചും പാർശ്വവൽക്കരിക്കപ്പെട്ടവന്റെ പക്ഷം ചേർന്നു നിൽക്കുവാൻ അവന് വല്ലാത്ത ഒരു ആവേശമുണ്ടായിരുന്നു. യേശു ഒറ്റയ്ക്കിരുന്നിട്ടുണ്ട് പക്ഷെ അത് പ്രാർത്ഥിക്കുവാനായിരുന്നു. പിതാവുമായി ഒരു സംസർഗ്ഗം അവിടെയുണ്ടായിരുന്നു. ഏകനായി പ്രാർത്ഥിക്കുവാൻ മലയിലേക്കു പോകുമ്പോഴും ദേവാലയത്തിലേക്കും, വചനം പറയുവാൻ സുന്നഗോഗുകളിലേക്കും അവൻ മടങ്ങിവന്നുകൊണ്ടിരുന്നു. ഇവ രണ്ടും യേശുവിനു നൽകിയ തൃപ്തിക്ക് അളവില്ല. യേശുവിന്റെ അനുയായികൾക്ക് ഈ തൃപ്തി നഷ്ടമായിരിക്കുന്നു. ഒറ്റയ്ക്കു ജീവിക്കുവാനും ഒറ്റയ്ക്കു വളരുവാനുമുള്ള ആഗ്രഹം വല്ലാതെ വളർന്നിരിക്കുന്നു.

അന്ത്യ അത്താഴത്തിനും ഗദ്സമനയിലെ വേദനയ്ക്കും ഒക്കെ അവൻ ശിഷ്യരെ കൂടെ കൂട്ടുന്നുണ്ട്. മനസ്സു നീറുമ്പോൾ ആരെങ്കിലുമൊക്കെ കൂടെയുണ്ടാകണമെന്ന് ആരും ആഗ്രഹിച്ചുപോകും. ഗദ്സമനയിൽ ഓരോ പ്രാവശ്യവും ശിഷ്യന്മാരുടെ അടുക്കലേക്കു മടങ്ങിവന്ന് തന്റെ കൂടെ ഉണർന്നിരിക്കുവാൻ ആവശ്യപ്പെടുന്ന യേശു ആധുനിക ലോകത്തിന് ധ്യാനമാകേണ്ടതാണ്.

പങ്കുവയ്ക്കലുകളുടെ അപകടമായിരുന്നു ക്രിസ്തുവിന്റെ ജീവിതം എന്ന് ആരോ എഴുതിയത് ഓർക്കുന്നു. ആ അപകടം വേണ്ടാ എന്നു നിശ്ചയിച്ചവരാണ് ആധുനിക മനുഷ്യൻ. പങ്കുവയ്ക്കുന്നത് റിസ്കാണ് എന്നു നാം പഠിച്ചുകഴിഞ്ഞു. കാരണം പങ്കുവയ്ക്കൽ അവസാനിക്കുന്നത് ശരീരം തന്നെ പങ്കുവച്ചാണ് എന്ന് ക്രിസ്തു നമുക്ക് കാട്ടിത്തരുന്നു. കുറച്ചുസമയം ആരുടെയെങ്കിലും വിഷമം കേൾക്കാനായി സമയം ചിലവിട്ടാൽ പതുക്കെ അയാളുടെ പ്രശ്നം നമ്മുടേതാകുമെന്നും ഇനി പ്രാർത്ഥിക്കുമ്പോൾ അയാൾക്കു വേണ്ടിയും കൂടി പ്രാർത്ഥിക്കുവാൻ നിർബന്ധിതരാകും എന്നൊക്കെ നാം മനസ്സിലാക്കുമ്പോൾ, പിന്നെന്തിന് ഈ റിസ്ക്കെടുക്കണമെന്ന് സ്വാഭാവികമായി ചിന്തിച്ചുപോകും. നമ്മുടെ തത്വശാസ്ത്രം എന്തായിരുന്നാലും ക്രിസ്തുവിന്റെ തത്വം പങ്കുവയ്ക്കൽ തന്നെയായിരുന്നു. പങ്കുവയ്ക്കലുകളിൽ ഏറ്റവും അപകടം പിടിച്ചത് ശരീരം പങ്കുവയ്ക്കുന്നതാണ്. ആരെങ്കിലുമായി ശരീരം പങ്കുവച്ചു കഴിഞ്ഞാൽ പിന്നെ ഒരിക്കലും അയാളിൽ നിന്നും രക്ഷപെടാനാവില്ല. തന്റെ ശരീരം പങ്കുവച്ചതിലൂടെ നമുക്ക് ക്രിസ്തുവിൽ നിന്ന് വേർപെടാനാവില്ല. കൂട്ടായ്മയുടെ അദമ്യമായ ആഗ്രഹം കൊണ്ട് ക്രിസ്തു മനപൂർവ്വം സൃഷ്ടിച്ചതാണ് ഈ പങ്കുവയ്ക്കൽ. പങ്കുവച്ച ശരീരം അനുഭവിക്കുന്നവരുമായി ഒന്നായിത്തീരും എന്ന് അവനു നല്ല ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ ശരീരം അനുഭവിക്കുന്ന നാം അവനിൽ നിന്നും വേറിട്ട്, ഒറ്റയ്ക്കു ജീവിക്കുവാൻ ശീലിച്ചുകഴിഞ്ഞു. ഞായറാഴ്ചകളിലെ സംസർഗ്ഗങ്ങളിൽ മാത്രം സംതൃപ്തി കണ്ടെത്തുന്നവരായി മാറിയിരിക്കുന്നു. നൈരന്തിരിയ സംസർഗ്ഗങ്ങൾ അപകടമാണെന്നും നമ്മുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുന്നതെന്തും, അതു ക്രിസ്തുവാണെങ്കിൽ പോലും വേണ്ടെന്നുവയ്ക്കുവാൻ നമുക്കു മടിയില്ലാതായിരിക്കുന്നു.

കൂടി വരുമ്പോഴേ പങ്കിടീലും കരുതലും ഉണ്ടാവുകയുള്ളുവെന്ന് ആദിമ ക്രൈസ്തവർക്കറിയാമായിരുന്നതിനാലാണ് ഒരുമനപ്പെട്ട് ദിനംപ്രതി ദൈവാലയത്തിൽ കൂടിവന്നത്. കൂടിയിരുന്നു പ്രാർത്ഥിക്കുമ്പോഴാണ് പരിശുദ്ധാത്മാവ് ഇറങ്ങുന്നതെന്നു അവർ നമുക്കു കാട്ടിത്തന്നു. ഈ കൂട്ടായ്മകൾ കണ്ട് മനുഷ്യർ അത്ഭുതപ്പെടുകയും അനേകർ അതിലേക്കാകർഷിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇന്ന് ലോകം ക്രിസ്തുമാർഗ്ഗത്തെ വെറുത്തു തുടങ്ങിയിരിക്കുന്നു. കാരണം നമ്മുടെ കൂട്ടായ്മയും കൂട്ടായ്മയിലെ ക്രിസ്തു സാന്നിദ്ധ്യവും നമുക്ക് നഷ്ടമായിരിക്കുന്നു. ഒരു മടങ്ങിപ്പോക്ക് അനിവാര്യമായിരിക്കുന്നു.

അതിനാദ്യമുണ്ടാകേണ്ടത് ആഗ്രഹമാണ്. കൂടിയിരിക്കണമെന്ന ആഗ്രഹം ആത്മാർത്ഥമായി ആഗ്രഹിച്ചപ്പോഴൊക്കെ ക്രിസ്തു ഈ കൂട്ടായ്മയിലേക്കു വന്നിട്ടുണ്ട്. ആത്മാർത്ഥമായി ആഗ്രഹിക്കുമ്പോഴൊക്കെ നമ്മൾ കൂട്ടായ്മകൾ സൃഷ്ടിക്കാറുണ്ട്. രണ്ടാമതു വേണ്ടത് സമയം കണ്ടെത്തുക എന്നതാണ്. ലോകത്തിൽ മനുഷ്യന് ഇരുപത്തിനാലു മണിക്കൂർ (ഒരു ദിവസം) പോരാ എന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. എന്നാൽ ക്രിസ്തുവിനും കൂട്ടായ്മയ്ക്കും മുൻഗണന നൽകുന്നവർക്ക് എല്ലാറ്റിനും സമയമുണ്ടുതാനും. നമ്മുടെ മുൻഗണനകളാണ് സമയത്തിന്റെ പ്രതിസന്ധികളുണ്ടാക്കുന്നത്. ക്വാളിറ്റി ടൈം എന്നത് ഇപ്പോൾ സുപരിചിതമായ വാക്കാണ്. അതില്ലെങ്കിൽ പിന്നെ ജീവിച്ചിട്ടെന്തുകാര്യം? മൂന്നാമതു വേണ്ടത് സ്പേസ് അഥവാ സ്ഥലമാണ്. മനസ്സിൽ സ്പേസ് ഉണ്ടായിക്കഴിയുമ്പോൾ കൂട്ടായ്മകൾ യാഥാർത്ഥ്യമാകും. ക്രിസ്തു ഇരിക്കേണ്ട മനസ്സിൽ വേറെ കുടിലുകൾ ഏറെയുള്ളതിനാൽ അവനുമായുള്ള സംസർഗ്ഗം നഷ്ടമാകുന്നു. വേണ്ടാത്ത കുറേയധികം കുടിലുകൾ പൊളിച്ചുമാറ്റുവാനുണ്ട്. മറ്റുള്ളവർക്കും കുറെ സ്പേസ് നൽകുവാൻ മനസ്സിനു കഴിയും. വിശാലമാണ് മനസ്സ്. മനുഷ്യനെയും അവന്റെ സന്തോഷങ്ങളെയും ദുഃഖങ്ങളേയുമൊക്കെ ഉൾക്കൊള്ളുവാനുള്ള ഒരു വിശാലത നമ്മുടെ മനസ്സുകൾക്കുണ്ടാകണം.



# അരുതാത്ത ചങ്ങാത്തവും അഴിയാത്ത കുരുക്കും

അപ്പനും അമ്മയും ചക്കര എന്നാണ് അവളെ വിളിച്ചിരുന്നത്. അവൾ അവർക്കു മാത്രമല്ല അവളുടെ ആങ്ങളമാരായ അജിത്തിനും സുജിത്തിനും ചക്കര തന്നെയായിരുന്നു. കാരണം ഒരു പെൺതരിയെ ആഗ്രഹിച്ചിരുന്ന അവളുടെ മാതാപിതാക്കളായ സോജനും മായയ്ക്കും ഏറെക്കാലത്തെ കാത്തിരിപ്പിനു ശേഷം കിട്ടിയതാണവളെ. ഇളയവൻ സുജിത്തിനേക്കാൾ ആറുവയസ് ഇളപ്പമുണ്ടവൾക്ക്. ഇപ്പോൾ ചക്കരയ്ക്ക് വയസ്സ് ഇരുപത്തിരണ്ട്. എറണാകുളത്ത് ഒരു പ്രൈവറ്റ് ഫേമിൽ സോഫ്റ്റ്വെയർ എൻജിനിയറായി ജോലി ചെയ്യുന്നു.

ചക്കര എന്ന അനിലയക്കു കാമ്പസ് സെലക്ഷൻ വഴി കിട്ടിയതാണ് ആ ജോലി. അനിലയെക്കുറിച്ചു ചില കാര്യങ്ങളൊക്കെ തുറന്നു പറയാനായി എന്നെ ആദ്യം കാണാൻ വന്നത് അവളുടെ അമ്മയാണ്. അവൾ തന്റെകൂടെ ജോലി ചെയ്യുന്ന പ്രവീൺ എന്ന അക്രൈസ്തവ യുവാവുമായി പ്രേമത്തിലാണുപോലും. വിവാഹജീവിതത്തിന് അനുമതി നൽകിയില്ലെങ്കിൽ ചത്തുകളയുമെന്ന പിടിവാശിയിലാണു ചക്കര.

സോജനും മായയും വല്ലാത്ത ആശയക്കുഴപ്പത്തിലായി. മധുരിച്ചിട്ടു തുപ്പാനും കയ്ച്ചിട്ട് ഇറക്കാനും വയ്യാത്ത അവസ്ഥ. ചക്കരേയുംകൂട്ടി പിറ്റേ ആഴ്ച മായ വന്നു. കൂടെ സോജനും ഉണ്ടായിരുന്നു. ഈ കല്യാണം എങ്ങനെയെങ്കിലുമൊക്കെ നടത്തിക്കൊടുത്തേക്കാമെന്ന കാര്യത്തിൽ അപ്പനമ്മമാർ ഇരുവരും അരമനസുകാരാണെങ്കിലും, അജിത്തും സുജിത്തും വല്ലാത്ത പിടിവാശിയിലാണ്.

പ്രേമിച്ചവനെ കെട്ടാൻ മുതിർന്നാൽ അവർക്കിങ്ങനെയൊരു പെങ്ങൾ ഇല്ലെന്നു കരുതേണ്ടിവരുമെന്നാണവർ പറയുന്നത്. സോജനും മായയും എന്റെ മുന്നിലിരുന്ന് കരഞ്ഞു. ഞാൻ അവരെ കണ്ടശേഷം ചക്കരയെന്ന അനിലയെ കണ്ടു. കാര്യങ്ങളുടെ ഗൗരവം മനസിലാക്കിയ അനില തന്റെ അരുതാത്ത ബന്ധത്തിൽ നിന്നും വിട്ടുപോരാൻ അരമനസു കാട്ടിയെങ്കിലും പിന്നീടു പ്രവീണിനെ മാത്രമേ കെട്ടു എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. എന്റെ നിർദ്ദേശപ്രകാരം സോജനും പ്രവീണിനോട് സംസാരിച്ചു. സോജന്റെ അഭ്യർത്ഥന മാനിച്ചു പ്രവീൺ വിവാഹ തീരുമാനത്തിൽ നിന്ന് പിൻതിരിയാമെന്നു സമ്മതിച്ചു.

എന്നാൽ പ്രശ്നം അതുകൊണ്ടും തീർന്നില്ല. പ്രവീൺ തന്നെ മറക്കാൻ തയാറായാലും തനിക്കങ്ങനെ ആവില്ലെന്നു ചക്കര കട്ടായം പറഞ്ഞു. വല്ലാത്ത വിഷമസന്ധിയിലായ സോജനേയും മായയേയും ഓഫീസിലേക്കു വിളിച്ച് ചക്കര പിന്നീടു എന്നോടു വെളിപ്പെടുത്തിയതും ഞാൻ രഹസ്യമായി വച്ചിരുന്നതുമായ അക്കാര്യം അറിയിക്കാമെന്നു കരുതി. മകളെക്കുറിച്ചു ഞാൻ അവരോടു പറഞ്ഞതു കേട്ട് അവർ സ്തബ്ദരായി എന്നതു സത്യമാണ്.

പ്രേമിച്ച യുവാവുമായി പല ദിനങ്ങളിലും ചക്കര ഭർത്താവിനൊപ്പം എന്നപോലെ ശയിച്ചിട്ടുണ്ടെന്നും, ഒരു തവണ അവൾ ഗർഭഛിദ്രത്തിനു വിധേയയായിട്ടുണ്ടെന്നുമാണ് ഞാനപ്പോൾ അവരോട് പറഞ്ഞത്. ഇത്തരത്തിലൊക്കെ അരുതാത്ത കാര്യങ്ങളിലേക്ക് അവിവേകത്തോടെ എടുത്തുചാടിയ ഒരു പെണ്ണിന് ഇക്കാര്യങ്ങളൊന്നും അറിയാൻ പാടില്ലാത്ത മറ്റൊരു പുരുഷനു മുമ്പിൽ വിവാഹസമ്മതം നൽകാൻ കഴിയുമോ? വിവാഹത്തിനു മുമ്പു മനസും ശരീരവും ഒരുവനു മുമ്പിൽ അടിയറവുവെച്ച മനഃസാക്ഷിയുള്ള ഒരു സ്ത്രീക്ക് അപ്പനും അമ്മയും അന്വേഷിച്ചു കണ്ടെത്തുന്ന മറ്റൊരു യുവാവിനൊപ്പം മനസാക്ഷിക്കുത്തില്ലാതെ വിവാഹജീവിതം നയിക്കാനാവുമോ?

ജോലിക്കായി നാടും വീടും വിട്ടു പുറംലോകത്തേക്ക് യാത്ര ചെയ്യുന്ന നമ്മുടെ കുടുംബങ്ങളിലെ പെൺകുഞ്ഞുങ്ങൾ വഴി വിദേശകറൻസികളും നാടൻ കറൻസികളും കെട്ടു കണക്ക് നേടാൻ കഴിയുന്നതിൽ നമുക്കു സന്തോഷിക്കാം. അവരെല്ലാവരും ചക്കരയെപ്പോലെ അരുതാത്ത ചങ്ങാത്തങ്ങളിലേക്കും, വേർപിരിയാൻ പറ്റാത്ത കുരുക്കുകളിലേക്കും, അവിഹിതബന്ധങ്ങളിലേക്കും പോകുന്നുണ്ടെന്നു പറയുക വയ്യ.

പക്ഷേ, വളരെ ചുരുക്കം പേരെങ്കിലും അറിഞ്ഞോ അറിയാതെയോ അവിവേകം കൊണ്ടോ തന്റെ നില മറക്കുന്നതുകൊണ്ടോ അഹന്തകൊണ്ടോ മേൽക്കണ്ട കെണികളിൽ നിപതിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണെന്നാണ് എന്റെ നിരീക്ഷണം. നിങ്ങളുടെയോ? വാസ്തവമെങ്കിൽ, ആൺകുട്ടികളെപ്പോലെ പെൺകുട്ടികളും നിങ്ങളുടെ കുടുംബങ്ങളിൽ നിന്നു വീടിനെയും വീട്ടുകാരെയും വിട്ട് വ്യത്യസ്ത സാഹചര്യങ്ങളിലേക്കു ജോലിക്കും മറ്റും പോകുന്നുണ്ടെങ്കിൽ അവരോട് അവർ അങ്ങേയറ്റം സൂക്ഷിക്കാനും ജാഗ്രത പുലർത്താനും പറയണം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യഹൂദ ഒരു ഹീറോ

**പ**ർവ്വതാരോഹണ രംഗത്തേക്കു കടന്നുവരുന്ന എല്ലാവർക്കും തന്നെ ഒരു വലിയ സ്വപ്നമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കൊടുമുടിയായ എവറസ്റ്റ് കീഴടക്കുക എന്നതാണ് ആ സ്വപ്നം. ബെൻ യഹൂദ എന്ന ഇസ്രയേലി പർവ്വതാരോഹകന്റെയും സ്വപ്നം ഇതിൽ നിന്ന് വിഭിന്നമായിരുന്നില്ല.

രണ്ടുവർഷം നീണ്ടുനിന്ന പരിശീലനത്തിനു ശേഷമായിരുന്നു 8850 മീറ്റർ (29035 അടി) ഉയരമുള്ള എവറസ്റ്റ് കീഴടക്കുവാൻ 2012 മേയ് മാസത്തിൽ യഹൂദ ഇറങ്ങിത്തിരിച്ചത്. കൊടുമുടി കയറുമ്പോൾ അനുഭവപ്പെടുന്ന കൊടുംതണുപ്പിനെക്കുറിച്ചും ഹിമഗിരിയിലെ കീഴ്ക്കാംതൂക്കായ അഗാധഗർത്തങ്ങളെക്കുറിച്ചും ആ ചെറുപ്പക്കാരനറിയാമായിരുന്നു.

1953 മേയ് 29നായിരുന്നു ചരിത്രത്തിലാദ്യമായി രണ്ടുപേർ എവറസ്റ്റ് കൊടുമുടി കയറിയത്. കാനഡക്കാരനായ എഡ്മണ്ട് ഹില്ലാരിയും നേപ്പാളിയായ ടെൻസിംഗുമായിരുന്നു ആ ധീര സാഹസികർ. അവർക്കു പിന്നാലെയായി മൂവായിരത്തിലേറെപ്പേർ ഇതുവരെ എവറസ്റ്റ് കൊടുമുടി കയറി ലോകത്തിന്റെ ഉച്ചിയിലെത്തിയിട്ടുണ്ട്.

എന്നാൽ എവറസ്റ്റ് കീഴടക്കുവാൻ ഇറങ്ങിത്തിരിച്ചവരിൽ വലിയൊരു പങ്കും പാതിവഴിയിൽ വച്ചു പിന്തിരിഞ്ഞിട്ടുണ്ട്. പ്രതിബന്ധങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടു പോയവരിൽ 225-ഓളം പേർ എവറസ്റ്റാരോഹണത്തിനിടയിൽ ഇതിനകം മൃതിയടഞ്ഞിട്ടുമുണ്ട്.

2012 മേയ് മാസത്തിലെ പർവ്വതാരോഹണ സീസണിൽ എവറസ്റ്റിലേക്കുള്ള ഹിമപാതയിൽ വലിയ തിരക്കായിരുന്നുവത്രേ. എവറസ്റ്റിൽ ട്രാഫിക് ജാം എന്നുവരെ ചില വാർത്താ ഏജൻസികൾ അന്നു റിപ്പോർട്ടു ചെയ്യുകയുണ്ടായി.

യഹൂദ എന്ന ഇസ്രയേലി ചെറുപ്പക്കാരൻ എവറസ്റ്റുകൊടുമുടി കയറുമ്പോൾ ഇരുന്നൂറിലേറെപ്പേരാണ് എല്ലാവിധ സന്നാഹങ്ങളുമായി എവറസ്റ്റു കയറുവാനുണ്ടായിരുന്നത്. വലിയ ത്യാഗം സഹിച്ചും ബുദ്ധിമുട്ടിയും മലകയറി യഹൂദ എവറസ്റ്റ് കൊടുമുടിയോട് അടുക്കുന്ന സമയം. മുന്നൂറു മീറ്റർകൂടി കയറിയാൽ എവറസ്റ്റു കൊടുമുടിയിലെത്താം. അപ്പോഴാണ് ഒരാൾ നിലത്തുവീണു കിടക്കുന്നതു കണ്ടത്. യഹൂദ വേഗം ആ മനുഷ്യന്റെ സമീപമെത്തി അയാളെ കുലുക്കി വിളിച്ചു. പക്ഷേ മറുപടി ഉണ്ടായില്ല. കൊടുംതണുപ്പിൽ മരവിച്ചുപോയ ഒരു മൃതശരീരമായിരുന്നു അത്.

യഹൂദ വീണ്ടും ഉറച്ച കാൽവയ്പുകളോടെ മുന്നോട്ടു നീങ്ങി. അപ്പോൾ മറ്റൊരാൾ നിലത്തു വീണു കിടക്കുന്നത് യഹൂദ കണ്ടു. അതും ഒരു മൃതശരീരമായിരുന്നു. യഹൂദ അൽപ്പം കൂടി മുന്നോട്ടുപോയപ്പോൾ മൂന്നാമതൊരാൾ നിലത്തു കിടക്കുന്നതു കണ്ടു. അയാളെ സമീപിച്ചു കുലുക്കി വിളിച്ചപ്പോൾ അയാൾ ഞരങ്ങുകയും മൂളുകയും ചെയ്തു. പെട്ടെന്നു യഹൂദ അയാളെ തിരിച്ചറിഞ്ഞു. പർവ്വതാരോഹണത്തിനിടയിൽ മുൻപ് പരിചയപ്പെട്ട അയിഡിൻ ഇർമാക്ക് എന്ന ടർക്കിഷ് വംശജനായ അമേരിക്കക്കാരനായിരുന്നു അത്. യഹൂദ കണ്ണുയർത്തി എവറസ്റ്റ് കൊടുമുടിയിലേക്ക് നോക്കി. മുന്നോട്ടുപോയാൽ കുറെ സമയത്തിനുള്ളിൽ എവറസ്റ്റ് കീഴടക്കാം. പക്ഷേ അപ്പോഴേക്കും ഇർമാക്കിന്റെ ജീവൻ നഷ്ടപ്പെട്ടേക്കാം. യഹൂദ പിന്നെ മടിച്ചുനിന്നില്ല. എവറസ്റ്റ് കീഴടക്കുക എന്ന തന്റെ സ്വപ്നത്തിന് അവധി കൊടുത്തിട്ട് ഇർമാക്കിനെയും തോളിലേറ്റി യഹൂദ മലയിറങ്ങുവാൻ തുടങ്ങി. എട്ടുമണിക്കൂർ നേരത്തെ കഠിനശ്രമം കൊണ്ട് ആയിരം മീറ്ററിലേറെ മലയിറങ്ങി ഒരു ബെയ്സ് ക്യാമ്പിനുസമീപം അവർ എത്തി. രക്ഷാപ്രവർത്തകർ അവരെ അപ്പോൾ കണ്ടെത്തിയതുകൊണ്ട് രണ്ടുപേരുടേയും ജീവൻ രക്ഷപ്പെട്ടു.

യഹൂദ പെട്ടെന്ന് ഒരു ഹീറോ ആയി മാറി. ലോകമാധ്യമങ്ങൾ യഹൂദയെ വാനോളം പുകഴ്ത്തി. അധികം വൈകാതെ ഇസ്രയേലി ഗവൺമെന്റ് രാജ്യത്തെ പരമോന്നത ബഹുമതി നൽകി യഹൂദയെ ആദരിച്ചു.

പർവ്വതാരോഹണത്തിനിടയിൽ തളർന്നുവീണ ഇർമാക്കിനെ കണ്ടില്ലെന്നു നടിച്ച് യഹൂദയ്ക്ക് വേണമെങ്കിൽ അന്ന് എവറസ്റ്റ് കൊടുമുടി കീഴടക്കാമായിരുന്നു. യഹൂദയ്ക്കു മുൻപ് മറ്റൊരാൾ ഇർമാക്ക് നിലത്തുവീണ് അവശനായി കിടക്കുന്നതു കാണുകയുണ്ടായി. എന്നാൽ ആ വ്യക്തി ഇർമാക്കിനെ കണ്ടില്ലെന്നു നടിച്ച് മുന്നോട്ടുപോയി എവറസ്റ്റ് കീഴടക്കുകയാണു ചെയ്തത്.

ഈ രണ്ടുപേരിൽ യഥാർഥ ഹീറോ യഹൂദയാണെന്ന് നമുക്കറിയാം. കാരണം തനിക്കുനേടാമായിരുന്ന നേട്ടം വേണ്ടെന്നുവച്ച് മറ്റൊരാളുടെ ജീവൻ രക്ഷിക്കുകയാണു യഹുദ ചെയ്തത്. തന്മൂലമാണ് യഹൂദ ഒരു ഹീറോ ആയി ആഗോളതലത്തിൽ ഇന്ന് ആദരിക്കപ്പെടുന്നത്.

നമുക്കു നേടാവുന്ന നേട്ടം വേണ്ടെന്നു വച്ചിട്ട് മറ്റുള്ളവരെ സഹായിക്കേണ്ടിവരുന്ന അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ അപൂർവ്വമായിരിക്കാം. എന്നാൽ നമ്മുടെ ജീവിതത്തിൽ നമുക്ക് നേടാവുന്ന നേട്ടങ്ങളോടൊപ്പം മറ്റുള്ളവരെ സഹായിക്കാനുള്ള അവസരങ്ങൾ നമ്മുടെ ജീവിതത്തിൽ ധാരാളം ഉണ്ടാകും. അങ്ങനെയുള്ള അവസരങ്ങളിൽ നമ്മൾ എടുക്കുന്ന നിലപാട് ഏതുതരത്തിലുള്ളതാണ് എന്ന് നാം സ്വയം കണ്ടെത്തുന്നതു നല്ലതാണ്.

നാമെല്ലാവരും ഒരു പരിധിവരെ സ്വാർഥരായ മനുഷ്യരാണ്. അതുകൊണ്ടുതന്നെ സ്വന്തം കാര്യം നോക്കുന്നതിലായിരിക്കും നമുക്കു താൽപ്പര്യം. എന്നാൽ നമ്മുടെ സ്വാർഥത നമ്മെ കീഴടക്കുവാൻ നാം ഒരിക്കലും അനുവദിക്കരുത്. നേരെ മറിച്ചു നമ്മുടെ സ്വർത്ഥതയിൽ നിന്ന് പുറത്തുകടക്കാനാണു നാം എപ്പോഴും ശ്രമിക്കേണ്ടത്. അതിനുള്ള ഏറ്റവും നല്ല ഒരു വഴിയാണ് നമ്മുടെ നേട്ടങ്ങളോടൊപ്പം മറ്റുള്ളവരുടെ നേട്ടവും ഉറപ്പുവരുത്തുക എന്നത്.

നമ്മുടെ വലിയ കാര്യങ്ങളിലും കൊച്ചുകാര്യങ്ങളിലും നാം നമ്മുടെ നേട്ടങ്ങൾ ഉറപ്പുവരുത്താൻ എപ്പോഴും ബദ്ധശ്രദ്ധരാണ്. അതുപോലതന്നെ മറ്റുള്ളവരുടെ കാര്യങ്ങളിലും നേട്ടങ്ങൾ ഉറപ്പുവരുത്താൻ നാം സഹായിക്കുകതന്നെ വേണം. അതാണ് യഹൂദ എന്ന ചെറുപ്പക്കാരൻ നമുക്ക് കാണിച്ചുതരുന്ന മാതൃക.



# നാം മറന്നുപോകുന്ന കാര്യങ്ങൾ

**മോ**ട്ടോർ കാർ കണ്ടുപിടിച്ചതു ഹെൻറി ഫോർഡ് (1863–1947) ആയിരുന്നില്ല. എന്നാൽ, അമേരിക്കയിൽ മാത്രമല്ല, മറ്റു പല രാജ്യങ്ങളിലെയും സാധാരണക്കാർക്കു കാർ വാങ്ങുവാൻ ആദ്യം അവസരം സൃഷ്ടിച്ചത് അദ്ദേഹമായിരുന്നു. 1908 ഒക്ടോബർ ഒന്നിന് അദ്ദേഹം പുറത്തിറക്കിയ 'മോഡൽ ടി' കാർ വൻ വിജയം നേടി. അന്ന് ഈ കാറിന്റെ വില 825 ഡോളർ ആയിരുന്നു.

1914 ആയപ്പോഴേക്കും ഫോർഡ് ഈ കാറിന്റെ വില 360 ഡോളർ ആയി കുറച്ചു. ആ വർഷം മാത്രം രണ്ടരലക്ഷം 'മോഡൽ ടി' കാറുകളാണ് വിറ്റഴിച്ചത്. 1918 ആയപ്പോഴേക്കും 1 കോടി 50 ലക്ഷത്തിലേറെ കാറുകൾ വിറ്റഴിക്കപ്പെട്ടിരുന്നു. ലഭ്യമായ കണക്കുകളനുസരിച്ച് ആ കാലഘട്ടത്തിൽ വിറ്റഴിക്കപ്പെട്ടിരുന്ന കാറുകളിൽ പകുതിയോളവും ഫോർഡിന്റെ 'മോഡൽ ടി' കാറുകളായിരുന്നു.

'മോഡൽ ടി' കാറിന്റെ നിർമാണത്തോടുകൂടിയാണു ചലിക്കുന്ന അസംബ്ലി ബെൽറ്റ് സംവിധാനം ഫോർഡിന്റെ ഫാക്ടറികളിൽ ആരംഭിച്ചത്. അതോടൊപ്പം ജോലിക്കാരുടെ വേതനവും ഗണ്യമായി അദ്ദേഹം വർദ്ധിപ്പിച്ചു. അങ്ങനെയാണ് കാറുകളുടെ നിർമ്മാണം വർദ്ധിപ്പിക്കാനും കൂടുതൽ കാറുകൾ വിറ്റഴിക്കാനും ഫോർഡു കമ്പനിക്കു സാധിച്ചത്. കാർ നിർമാണരംഗത്തു ഹെൻറി ഫോർഡ് നൽകിയ മികച്ച സംഭാവനകൾ മൂലം ഇരുപതാം നൂറ്റാണ്ടിന്റെ ശില്പികളിലൊരാളായിട്ടാണ് ഇന്ന് അദ്ദേഹം അറിയപ്പെടുന്നത്.

ഫോർഡ് ജനിച്ചത് അമേരിക്കയിലെ മിഷിഗൻ സംസ്ഥാനത്തുള്ള ഒരു കർഷക കുടുംബത്തിലായിരുന്നു. എന്നാൽ കൃഷിയിൽ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നില്ല. ചെറുതും വലുതുമായ യന്ത്രസാമഗ്രികളുടെ റിപ്പയറിംഗിലായിരുന്നു യുവാവായ ഫോർഡിന്റെ താൽപര്യം. തനിക്കു പതിനഞ്ചാം വയസിൽ ലഭിച്ച പോക്കറ്റ് വാച്ചിന്റെ ഓരോ ഭാഗവും അഴിച്ചു മാറ്റുകയും വീണ്ടും അതു പൂർവരൂപത്തിലാക്കുകയും ചെയ്യുക ഫോർഡിന്റെ വിനോദമായിരുന്നു.

വീട്ടുകാർക്കും നാട്ടുകാർക്കുമൊക്കെ വാച്ചും ടൈംപീസും നന്നാക്കി കൊടുക്കുവാൻ ഫോർഡിനു സാധിച്ചിരുന്നു. മെക്കാനിക്കൽ കാര്യങ്ങളിലുള്ള ഈ കഴിവാണു ഫോർഡു കമ്പനിയുടെ ലേബലിൽ വിവിധ മോഡലുകളിലുള്ള കാറുകൾ പുറത്തിറക്കുവാൻ അദ്ദേഹത്തെ സഹായിച്ചത്. മെക്കാനിക് എന്ന രീതിയിൽ അദ്ദേഹം അതിസമർഥനായിരുന്നതുകൊണ്ടാണു കാറുകളുടെ നിർമാണം ആരംഭിക്കുന്നതിനു മുമ്പ് എഡിസൺ ഇലൂമിനേറ്റിംഗ് കമ്പനിയിൽ എൻജിനീയറായി സേവനമനുഷ്ഠിക്കുവാൻ അദ്ദേഹത്തിനു അവസരം ലഭിച്ചത്.

മെക്കാനിക് എന്ന രീതിയിൽ ഹെൻറി ഫോർഡിന്റെ കഴിവു വിളിച്ചോതുന്ന ഒരു സംഭവം അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വായിക്കുവാൻ സാധിക്കും. അദ്ദേഹം ഒരിക്കൽ യാത്ര ചെയ്യുന്ന അവസരം. കാർ ഓടിച്ചിരുന്നത് അദ്ദേഹത്തിന്റെ ഡ്രൈവറായിരുന്നു. യാത്രയ്ക്കിടയിൽ ഫോർഡ് കമ്പനിയുടെ ഒരു 'മോഡൽ ടി' കാർ റോഡിൽ കിടക്കുന്നതു കണ്ടു. കാർ സ്റ്റാർട്ടു ചെയ്യുന്നതിനുള്ള ശ്രമത്തിലായിരുന്നു ആ കാറിന്റെ ഡ്രൈവർ. എന്നാൽ എത്ര ശ്രമിച്ചിട്ടും കാർ സ്റ്റാർട്ടു ചെയ്യുവാൻ അയാൾക്കു സാധിച്ചില്ല.

തന്റെ കാറിലിരുന്നുകൊണ്ടു കുറെ സമയം ഫോർഡ് ഈ രംഗം വീക്ഷിച്ചു. നടുറോഡിൽ കിടന്നിരുന്ന കാർ സ്റ്റാർട്ടുചെയ്യുവാൻ അതിന്റെ ഡ്രൈവർക്കു സാധിക്കുന്നില്ലെന്നു കണ്ടപ്പോൾ ഫോർഡ് വേഗം കാറിൽ നിന്നറങ്ങി. കാറിന്റെ എൻജിൻ പരിശോധിച്ചു. കൈയിൽ കിട്ടിയ ഒരു സ്പാനർ കൊണ്ട് എൻജിന്റെ അവിടെയും ഇവിടെയും മുട്ടിയതിനുശേഷം കാറിന്റെ ഹുഡ് അടച്ചുകൊണ്ട് എൻജിൻ സ്റ്റാർട്ടാക്കുവാൻ ഫോർഡ് ആവശ്യപ്പെട്ടു. അപ്പോൾ ബുദ്ധിമുട്ടൊന്നും കൂടാതെ എൻജിൻ സ്റ്റാർട്ടായി. തത്സമയം ആ കാറിന്റെ ഡ്രൈവർക്കുണ്ടായ സന്തോഷം നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

നടുറോഡിൽ അനങ്ങാതെ കിടന്നിരുന്ന ആ കാർ എങ്ങനെയാണു പെട്ടന്നു സ്റ്റാർട്ടായത്? ഹെൻറി ഫോർഡ് എന്ന കമ്പനി ഉടമയായിരുന്നു ആ കാർ ഡിസൈൻ ചെയ്തതും നിർമിച്ചതും. തന്മൂലം ആ കാറിനെക്കുറിച്ചെല്ലാം അദ്ദേഹത്തിന് അറിയാമായിരുന്നു. ആ കാറിന്റെ തകരാർ എവിടെയാണെന്ന് ഒറ്റ നോട്ടത്തിൽ അദ്ദേഹത്തിനു മനസിലാക്കുവാനും പരിഹരിക്കുവാനും സാധിച്ചു. അതുകൊണ്ടാണ് നിമിഷ നേരത്തിനുള്ളിൽ ആ കാർ റിപ്പയർ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചത്.

ഫോർഡിന്റെ ജീവിതത്തിൽ നിന്നുള്ള ഈ സംഭവം നമുക്ക് ഒരു ഗുണപാഠം നൽകുന്നുണ്ട്. അത് ഇതാണ്, നമ്മുടെ ജീവിതമാകുന്ന വാഹനത്തിന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ നാം ആദ്യം അന്വേഷിക്കേണ്ടതു സർവശക്തനായ ദൈവത്തെയാണ്. കാരണം അവിടുന്നാണു നമ്മേ രൂപകല്പന ചെയ്യുകയും സൃഷ്ടിക്കുകയും ചെയ്തത്. നമ്മുടെ അകവും പുറവും നമ്മുടെ ഓരോ ഭാഗവും അവിടുത്തേക്കു നന്നായി അറിയാം. നമ്മുടെ വികാരവിചാരങ്ങളും നമ്മുടെ ഹൃദയമിടിപ്പുകളും അവിടുന്നു കാണുന്നുണ്ട്. അവിടുന്നറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്നതാണു യാഥാർത്ഥ്യം.

എന്നാൽ, ഇക്കാര്യത്തെക്കുറിച്ചു നാം പലപ്പോഴും ബോധവാന്മാരല്ല എന്നതല്ലേ വസ്തുത? നമ്മുടെ ജീവിതവാഹനം സുഗമമായി മുന്നോട്ടു പോകുവാൻ നാം അവിടുത്തേക്കു നന്ദി പറയേണ്ടതാണ്. അതുപോലെ നമ്മുടെ ജീവിതം സന്തോഷമായി മുന്നോട്ടുപോകുന്നതിനു നാം അവിടുത്തെ സഹായം അനുദിനം യാചിക്കുകയും ചെയ്യേണ്ടതാണ്. പക്ഷേ, ഓരോരോ കാരണങ്ങളാൽ നാം ഇക്കാര്യങ്ങൾ മറന്നുപോകുന്നു.

ഇതുപോലെതന്നെ നാം മറന്നുപോകുന്ന ഒരു കാര്യമാണു നമ്മുടെ ജീവിതത്തിൽ വിവിധ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തിന്റെ സഹായം തേടുക എന്നതും. ഫോർഡ് രൂപകല്പന ചെയ്തു നിർമിച്ച കാർ കേടായപ്പോൾ എത്ര വേഗത്തിലാണ് അദ്ദേഹം ആ കാറിന്റെ പ്രശ്നം പരിഹരിച്ചത്. അങ്ങനെയെങ്കിൽ അതിലും എത്രയോ വേഗത്തിലായിരിക്കും നമ്മുടെ സ്രഷ്ടാവായ ദൈവം നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക! പക്ഷേ, അങ്ങനെ സംഭവിക്കണമെങ്കിൽ നാം ആദ്യം ചെയ്യേണ്ടത് അവിടുത്തേ പക്കലേക്കു തിരിയുക എന്നുള്ളതാണ്. അതിനുള്ള അനുഗ്രഹത്തിനായി നമുക്കു ദൈവത്തോടു യാചിക്കാം.

-ജെ.പി. ദീപിക

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക




# വേദാഭിമാനിയുടെ മറുപടി

***ദൈവകണത്തിന്റെ കണ്ടുപിടുത്തത്തോടെ സൃഷ്ടിയുടെ രഹസ്യം വെളിപ്പെട്ടുകഴിഞ്ഞു. ഇതോടൊപ്പം ലോകാവസാനം എങ്ങനെ സംഭവിക്കുമെന്നും ശാസ്ത്രജ്ഞന്മാർ വ്യക്തമാക്കി. അതായത് ദൈവത്തിനും നിങ്ങൾ പറയുന്ന ദൈവവചനത്തിനും പ്രസക്തിയില്ലാതായി എന്നർത്ഥം. ദൈവം സൃഷ്ടിച്ചു എന്നുള്ള വാദം ഇനിയെങ്കിലും അവസാനിപ്പിക്കുമോ?***

***രാജേഷ് പയ്യന്നൂർ, കൊടപ്പനക്കുന്ന്, പേരൂർകട, തിരുവനന്തപുരം***

**നാം** ജീവിക്കുന്ന പ്രപഞ്ചം എക്കാലവും മനുഷ്യബുദ്ധിക്കു മുന്നിൽ അഴിക്കുംതോറും മനസിലാക്കാനുള്ള പുതിയ രഹസ്യങ്ങളുടെ അറയായി നിലനിൽക്കുന്നു എന്ന് അറിയുന്നവർ പോലും ശാസ്ത്രത്തിന്റെ വലിയ കണ്ടുപിടിത്തമായ ഹിഗ്സ് ബോസോണിനെ ദൈവകണം എന്ന് വിളിക്കുന്നു.


ഓരോ പുതിയ കണ്ടുപിടിത്തമോ നേട്ടമോ ഉണ്ടാവുമ്പോഴും, മതിമറക്കുന്ന മനുഷ്യരിൽ ചിലർ വലിയ അഹങ്കാരത്തോടെ വിളിച്ചുപറയാറുണ്ട് ഇനി ദൈവം വേണ്ട, മനുഷ്യൻ മതി എന്ന്. മനുഷ്യൻ ദൈവത്തെപ്പോലെ ആയി എന്നൊരർത്ഥമല്ലേ ഈ പദപ്രയോഗത്തിനു പിന്നിൽ എന്നു സംശയിക്കണം. ദൈവത്തിന്റെ അദൃശ്യപ്രകൃതി; അതായത്, അവിടത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടിവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടും അവിടത്തെ ദൈവമായി മഹത്വപ്പെടുത്താനോ അവിടത്തേക്കു നന്ദി പ്രകാശിപ്പിക്കാനോ തയാറാകാതെ, തങ്ങളുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമാക്കുന്നവരും വിവേകരഹിതമായ ഹൃദയത്തെ ഇരുട്ടിലാക്കുന്നവരും ജ്ഞാനികളെന്ന് അവകാശപ്പെട്ടുകൊണ്ട് ഭോഷന്മാരായി തീരുന്നവരും ഇന്നും ധാരാളമുണ്ടെന്നു ഭൗതികശാസ്ത്രത്തിലെ വലിയ കണ്ടുപിടിത്തമായ ഹിഗ്സ് ബോസോൺ കണികയുടെ കണ്ടെത്തലിന്റെ മറവിൽ ആരംഭിച്ച സംവാദങ്ങൾ സൂചന തരുന്നു.



ദൈവമാകാനുള്ള മനുഷ്യന്റെ മോഹത്തിനു മനുഷ്യകുലത്തോളം പഴക്കമുണ്ട്. പറുദീസയിൽ ഹവ്വയും ബാബേലിൽ മാനവകുലമാകെയും ഇതിനു ശ്രമിച്ചു പരജായപ്പെട്ട കഥ ബൈബിളിൽ വിവരിക്കുന്നുണ്ട്. 1360 കോടി വർഷം മുമ്പു നടന്ന മഹാവിസ്ഫോടനത്തിലൂടെ ആണു പ്രപഞ്ചം ഉണ്ടായതെന്നും അതിനു ദൈവം ആവശ്യമില്ലെന്നും വാദിക്കുന്ന സ്റ്റീഫൻ ഹോക്കിംഗിന്റെ വാദത്തിനു ശക്തി പകരുന്നതാണ് ഈ കണികയുടെ കണ്ടെത്തൽ എന്ന് അവകാശപ്പെട്ടുകൊണ്ടാണു ദൈവകണം എന്ന് പേരിട്ടിരിക്കുന്നതെന്നു വാദിക്കുന്നവരുണ്ട്. സത്യത്തിൽ അതല്ല ഉണ്ടായത്.

ഈ തത്ത്വത്തിന്റെ ഉപജ്ഞാതാവായ പീറ്റർ ഹിഗ്സ് അരുതെന്നു പറഞ്ഞ പേരാണിത്. ഈ തത്ത്വം തെളിയിക്കുന്നതിനുള്ള ക്ലേശം കണക്കിലെടുത്തു നശിച്ചകണം (god damm it) എന്ന അർഥത്തിൽ നൊബേൽ സമ്മാന ജേതാവായ ലിയോൺ ലിൻഡർമാൻ എഴുതിയ പുസ്തകത്തിന്റെ ശീർഷകത്തിൽ അതിന്റെ പ്രസാധകൻ വരുത്തിയ മാറ്റമാണു ശാസ്ത്രലോകം തേടിക്കൊണ്ടിരുന്ന ഈ കണത്തിനു ദൈവകണം എന്നു പേരാക്കിയത്. അതായത് ദൈവകണം എന്ന പേര് ഗവേഷണം നടത്തിയ ശാസ്ത്രജ്ഞന്റെ സംഭാവനയല്ല. അത് വിൽക്കാൻ പഴുതു കണ്ടെത്തിയ കച്ചവടക്കാരനായ പുസ്തകപ്രസാധകന്റേതാണ്. ദൈവത്തിനായി നിർമിക്കുന്ന മന്ദിരത്തിൽ സാത്താൻ എത്ര എളുപ്പത്തിൽ കടന്നുകയറുന്നു. മഹാവിസ്ഫോടനത്തിൽനിന്നും ഉണ്ടായ ഊർജത്തിൽ നിന്നും കണികകളുണ്ടായി. ആ കണികകൾക്കു പിണ്ഡം കൈവന്നതോടെ എല്ലാ വസ്തുക്കൾക്കും ആകൃതിയും പ്രകൃതിയും കൈവന്നു എന്നാണു വിസ്ഫോടന തിയറിക്കാരുടെ വാദം. ഇങ്ങനെയുണ്ടായ ദ്രവ്യത്തിന് ബോസോൺ കണിക പിണ്ഡം നൽകുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. വിസ്ഫോടന വാദത്തിൽ പറയാനാകാതെ പോയ ധാരാളം ചോദ്യങ്ങളുണ്ടെന്ന് അറിവുള്ളവർ തന്നെ ചൂണ്ടിക്കാണിക്കുന്നു. ഭൗതികശക്തികളുടെ എല്ലാം ഉറവിടം എവിടെയാണ്. മഹാവിസ്ഫോടനത്തിനു മുമ്പ് എന്തായിരുന്നു അവസ്ഥ? എങ്ങനെയായിരുന്നു അവസ്ഥ?

ഇതുവരെ ഇരുപതിനായിരം കോടി രൂപ ചെലവാക്കി യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച് കണ്ടെത്തിയതായി അവകാശപ്പെട്ടിരിക്കുന്ന ബോസോൺ കണികയെ ദൈവകണം എന്നു വിളിക്കുന്നതിലൂടെ, ഈ നേട്ടത്തിൽ ആഹ്ലാദിക്കുന്നവരിൽ കുറേപ്പേരെങ്കിലും ഹോക്കിംഗിന്റെ ഗണത്തിൽ ചേരുന്നു. ടി.വി. സംവാദങ്ങളിലും മറ്റും പ്രകടമാകുന്ന ധ്വനി അതാണ്. അന്നത്തെ പ്രസാധകന്റെ കച്ചവടമനസ്.



എന്നാൽ അതിപ്രത്ഭരായ ശാസ്ത്രജ്ഞർ ഈ കെണിയിൽ വീഴുന്നില്ല എന്നത് അധികമാരും അറിയുന്നില്ല. ജീവശാസ്ത്രത്തിന് (ബയോളജി) ഡി.എൻ.എ.യുടെ കണ്ടുപിടിത്തം പോലെ ഫിസിക്സിന് സുപ്രധാനമായ കണ്ടുപിടിത്തമാണിത് എന്നാണ് ലണ്ടനിലെ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിസിക്സിന്റെ പ്രസിഡന്റ് സർ പീറ്റർ നൈറ്റ് ബോസോൺ, കണികയുടെ കണ്ടെത്തലിനെ വിശേഷിപ്പിച്ചത്. ലണ്ടനിലെ സയൻസ് ആൻഡ് ഫസിലിറ്റസ് കൗൺസിൽ ചീഫ് എക്സിക്യൂട്ടീവ് പ്രഫ. ജോൺ വോമെസ്ലി പറഞ്ഞത്, പ്രപഞ്ച രഹസ്യങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രയാണത്തിലെ വിപ്ലവകരമായ ചുവടുവയ്പ് എന്നാണ്. എന്നാൽ ഇതു സംബന്ധിച്ച് ഉയർന്നുവരുന്ന ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി നൽകാൻ ഇവർക്കാവില്ലാ എന്നതാണ് ഇതിലെ ശ്രദ്ധേയമായ വസ്തുത.

ദ്രവ്യത്തിന് പിണ്ഡം (മാസ്) നല്കുന്നത് ഹിഗ്സ് ബോസോൺ തന്നെയോ എന്നതിന് ഇപ്പോഴും ഒരു ഉറപ്പ് ലഭിച്ചിട്ടില്ല. ഹിഗ്സ് ബോസോൺ വഴി ദ്രവ്യത്തിനു പിണ്ഡം കൈവരുന്നു എങ്കിൽ തന്നെ, പ്രപഞ്ചത്തിലെ ശക്തികളുടെ ഏകീകരണം എങ്ങനെ നടന്നു? ഗുരുത്വാകർഷണ ബലവും ഊർജവികിരണവും പ്രപഞ്ചത്തിൽ ഏതു മാധ്യമത്തിലൂടെ സാധ്യമാകുന്നു? എല്ലാ ഊർജവികിരണങ്ങളും ഇടവിട്ടു മാത്രം നടക്കുന്നത് എന്തുകൊണ്ട്? തുടങ്ങി എത്രയോ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ കിടക്കുന്നു.

ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തെക്കുറിച്ച് ഇരുപതിനായിരം കോടി രൂപ ചെലവാക്കി മനുഷ്യൻ കണ്ടെത്തിയ സത്യം ഇനിയും കണ്ടെത്താനുള്ള എത്രയോ നിഗൂഢതകളുടെ ചുരുളാണ് വിടർത്തുന്നത്! തന്റെ മുന്നിൽ അഴിയാതെ കിടക്കുന്ന നിഗൂഢതകൾ അറിഞ്ഞവയേക്കാൾ എത്രയോ അധികമെന്ന് അറിവുള്ളവർക്കറിയാം.

***ദൈവം ഏകൻ എന്നു പറയും. പിന്നെ പറയും മൂന്നു ദൈവങ്ങളുണ്ടെന്ന്. കർത്തൃത്വവും നിത്യതയും സർവ്വവ്യാപിത്വവും ആരാധനയും യഹോവയ്ക്ക് മാത്രം അവകാശപ്പെട്ടതാണ്. ത്രിത്വത്തെക്കുറിച്ച് ബൈബിളിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ.***


***ഈപ്പൻ തോമസ്, തുവയൂർ സൗത്ത്, കടമ്പനാട്, പത്തനംതിട്ട***

**കർത്തൃത്വം:** പിതാവ് കർത്താവാകുന്നു (മത്താ. 11:25) എന്ന് പറയുമ്പോൾ തന്നെ പുത്രനും (അ.പ്ര. 10:36) പരിശുദ്ധാത്മാവും (2 കൊരി. 3:17) കർത്താവാകുന്നു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.

**നിതൃത:** ദാനിയേൽ 6:26-ൽ പിതാവ് നിത്യനാകുന്നു എന്നും വെളിപ്പാട് 1:8ൽ പുത്രൻ നിത്യനാകുന്നു എന്നും എബ്രായർ 9:14-ൽ പരിശുദ്ധാത്മാവ് നിത്യനാകുന്നു എന്നും കാണുന്നു.

**സർവ്വവ്യാപിത്വം:** പിതാവും (എഫേസ്യർ 4:6) പുത്രനും (മത്തായി 18:20) പരിശുദ്ധാത്മാവും (സങ്കീ. 139:7-10) സർവ്വവ്യാപികളാണ്.

**ആരാധന:** പിതാവും (യോഹന്നാൻ 4:23) പുത്രനും (ഫിലി. 2:10,11; യോഹന്നാൻ 9:35-38) പരിശുദ്ധാത്മാവും (റോമർ 8:26,27; യോഹന്നാൻ 4:24) ആരാധനയ്ക്കർഹരാണെന്ന് വചനം വ്യക്തമാക്കുന്നു.




...ഇങ്ങനെ പിതാവും പുത്രനും, പരിശുദ്ധാത്മാവും എല്ലാ നിലയിലും സമനിത്യന്മാരും സകലത്തിലും സമന്മാരും ആകുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഒരേ പ്രകൃതിയും, അന്യോന്യമുള്ള പ്രഭാവം സമനിത്യവുമാകുന്നു.

ഏകത്വത്തെ ത്രിത്വത്തിലും ത്രിത്വത്തെ ഏകത്വത്തിലും ദർശിക്കുക എന്നു പറയുമ്പോൾ അത് ബുദ്ധിയുടെ പ്രമാണത്തിനെതിരല്ലേ എന്ന് ചിലർ ചോദിക്കാറുണ്ട്. ഇവിടെ ഒരു മറുചോദ്യം ഉന്നയിക്കുവാൻ ആഗ്രഹിക്കുന്നു. സൃഷ്ടിക്ക് (അപൂർണ്ണൻ)സൃഷ്ടാവിനെ (പൂർണ്ണൻ) പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയുമോ? പരിമിതമായ മനുഷ്യ ബുദ്ധിയിൽ അപരിമേയനായ ദൈവത്തെ ഉൾക്കൊള്ളുവാൻ ഒരുനാളും സാദ്ധ്യമല്ല. ഗോചരമായ പല വസ്തുക്കളുടെയും തത്വം നമുക്കജ്ഞാതമായിരിക്കെ ആദിവസ്തുവായ ദൈവത്തിന്റെ തത്വം നമ്മുടെ സ്വാഭാവിക ബുദ്ധിയിൽ പൂർണ്ണമായി ഗ്രഹിക്കുക പ്രയാസമാണ് - അത് മനുഷ്യചിന്തക്കതീതവുമാണ്. അതുകൊണ്ട് ആയത് അശാസ്ത്രീയമെന്നുവരുന്നില്ല. കാരണം ഇലക്ട്രോൺ, പ്രോട്ടോൺ ന്യൂട്രോൺ പ്രതിഭാസം മുതൽ മനുഷ്യൻ വരെയുള്ള പ്രപഞ്ചവസ്തുക്കളിൽ ത്രിയേകങ്ങളെ കാണാൻ കഴിയും.

സ്ഥലം, കാലം, ദ്രവ്യം ഇവ മൂന്നും ചേർന്നതാണ് പ്രപഞ്ചം. ഊർജ്ജം, ചലനം, പ്രതിഭാസം എന്നിവ ചേർന്നാണ് പ്രപഞ്ചത്തിൽ കാണുന്ന ദ്രവ്യം രൂപീകൃതമാകുന്നത്. ഭൂതം, ഭാവി, വർത്തമാനം ഇവയെ മൂന്നും കൂടി ചേർത്താണല്ലോ കാലത്തെക്കുറിച്ച് നാം ചിന്തിക്കുന്നത്. നാം കാണുന്ന സൂര്യൻ പ്രഭാഗോളം, വർണ്ണഗോളം, കൊറോന എന്നിങ്ങനെ മൂന്ന് പ്രതിഭാസങ്ങൾ ചേർന്നതാണ് ചൂട്, വെളിച്ചം, രാസപ്രവർത്തനം ഇവ മുന്നും ചേർന്നതാണ് ഒരു സൂര്യകിരണം. ജലത്തിന് ഖരം, ദ്രവം, വാതകം എന്നീ മൂന്നവസ്ഥകൾ ഉള്ളതുപോലെ ഒരു വസ്തുവിന് നീളം, വീതി, ഉയരം എന്നിങ്ങനെ ത്രിമാനങ്ങൾ ഉണ്ട്. തീ, ചൂട്, പ്രകാശം എന്നിവ ഉൾക്കൊള്ളുന്നു എങ്കിലും അത് ഒറ്റ വസ്തുവാണ്. ചൂടും പ്രകാശവുമില്ലെങ്കിൽ അവിടെ തീയും ഇല്ല. ചൂടും വെളിച്ചവും തീയുടെ അതേ സ്വഭാവത്തോടുകൂടിയതും തീയിൽ നിന്നും ഉത്ഭവിച്ചതുമാണ്. മാത്രമല്ല, മൂന്നിനും ഒരേ പ്രായവുമാണ്. തീ നമുക്ക് ചൂടും വെളിച്ചവും തരുന്നുവെന്ന് നാം സാധാരണ പറയാറുണ്ടല്ലോ. ഈ ചൂടും വെളിച്ചവും തീയിൽ നിന്ന് ഉത്ഭവിച്ചതാണെങ്കിലും അവയെ തീയിൽ നിന്നും ഒരിക്കലും വേർപെടുത്തുവാൻ സാദ്ധ്യമല്ല. അതുപോലെ മനസ്സ്, ചിന്ത അഥവാ വിചാരം, സംസാരം ഇവ മൂന്നും ഒന്നുതന്നെയാണ്; എങ്കിലും ഒന്നിൽ നിന്നും മറ്റൊന്ന് വ്യത്യസ്തവുമാണ്. ചിന്തയില്ലാത്ത ഒരു മനസ്സിനെ നമുക്കു സങ്കൽപ്പിക്കുവാൻ സാദ്ധ്യമല്ല. ചിന്തയോട് ചേർന്നതാണ് സംസാരം. അത് ശബ്ദമാനമായാലും ശബ്ദരഹിതമായാലും. ഇവിടെയെല്ലാം ഏകത്വത്തിൽ ബഹുത്വം നമുക്ക് കാണാവുന്നതാണ്. ആകയാൽ ഏകത്വത്തിൽ ബഹുത്വം എന്നത് അസാധാരണമായ ഒരു വസ്തുതയല്ല. വിസ്താര ഭയത്താൽ ചുരുക്കട്ടെ. ത്രിത്വോപദേശത്തിലും ദൈവം ഏകൻ ആണെന്നുള്ള സത്യമാണ് ഞങ്ങളുടെ അടിസ്ഥാനപ്രമാണം. എല്ലാ സത്യക്രിസ്ത്യാനികളും ഏകദൈവത്തിലാണ് വിശ്വസിക്കുന്നത്; മൂന്നു ദൈവങ്ങളിലല്ല.

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 200/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st February 2014
Posted on 15th February 2014
Posted at R.M.S. Kayamkulam



ആകാശത്ത് കുറേ പക്ഷികൾ പറക്കുന്നുണ്ടായിരുന്നു.

പെട്ടന്ന് മഴ വന്നു. ചെറിയ കിളികൾ മഴ നനയാതെ മരച്ചില്ലകളിൽ അഭയം തേടി.

എന്നാൽ വമ്പൻ പരുന്തുകളാവട്ടെ മുകളിലേക്ക് പറന്നു. മേഘത്തിനും മുകളിലെത്തിയ അവ മഴ നനയാതെ അവിടെ പറന്നുനടന്നു.

ഇതുപോലെയാണ് ജീവിതത്തിലും . പ്രശ്നങ്ങൾ എല്ലാവർക്കും ഒരുപോലെയാണ്. പക്ഷേ, അതിനെ നേരിടുന്ന രീതിയാണ് പ്രധാനം. വിശ്വാസത്താൽ ക്രിസ്തുവിൽ അഭയം പ്രാപിച്ചാൽ പരുന്തുകളെപ്പോലെ പ്രതികൂലങ്ങളെ അതിജീവിച്ച് ശാന്തമായി ജീവിതം മുന്നോട്ടു കൊണ്ടു പോകുവാൻ കഴിയും.



## സ്നേഹത്തിന്റെ ഭാഷ

**ക്ഷ**മിക്കുവാനും മറക്കുവാനുമുള്ള കഴിവ്, വ്യക്തിയെ അംഗീകരിച്ചുകൊണ്ടുള്ള ഒരു വാക്ക്, ക്ഷമിച്ചു, മറന്നു എന്ന ഒരു വാക്ക്, സാവധാനത്തിലുള്ള ഒരു തലോടൽ, അപകടത്തിലും വേദനയിലും ഒരു കൈത്താങ്ങൽ, ആശ്വാസത്തിന്റെ ഒരു വാക്ക്, എരിതീയിൽ എണ്ണയൊഴിക്കാതെയുള്ള സംസാരവും പ്രവൃത്തിയും, ശവത്തിൽ കുത്താതെയുള്ള ഇടപാടുകൾ, വഴി കാണാതെ അലയുമ്പോൾ ഞാൻ കുടെയുണ്ട് എന്ന ഒരു വാക്ക്, പ്രശ്നങ്ങളുടെ അന്ധകാരത്തിൽ അലയുമ്പോൾ ആശ്വാസത്തിന്റെ ഒരു കൈത്തിരി, നിരാശയുടെ മധ്യത്തിൽ ധൈര്യപ്പെടുത്തുന്ന ഒരു വാചകം, ഉള്ളുതുറന്നു പറയുന്ന സ്വഭാവം, വേദനയുടെയും സങ്കടത്തിന്റെയും കാലങ്ങളിൽ ഉള്ള ഒരു സന്ദർശനം, ഉയർച്ചയുടെയും നേട്ടങ്ങളുടെയും സ്ഥാനത്ത് ഒരു വാചകത്തിലോ വാക്കിലോ ഉള്ള അഭിനന്ദനം, തോൽവിയുടെ സ്ഥാനത്ത് കുത്തിമുറിവേല്പിക്കാതെ വ്യക്തിത്വത്തെ അംഗീകരിച്ചുകൊണ്ടുള്ള പ്രോത്സാഹനത്തിന്റെ ഒരു വാക്ക്, വല്ലപ്പോഴും കാണുമ്പോൾ ഒരു വാചകത്തിലുള്ള ഒരു അന്വേഷണം, സമൂഹം മുഴുവനും എതിരുനിൽക്കുമ്പോഴും ഞാൻ കൂടെയുണ്ട് എന്ന ഒരു വാക്കോ, പ്രവൃത്തിയോ, എല്ലാറ്റിനുമുപരി ഞാൻ നിനക്കുവേണ്ടി നിന്റെ നന്മയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കുന്നുണ്ട് എന്ന ഒരു ഉറപ്പ്, ഏകാന്തതയുടെ നടുവിൽ നാം നൽകുന്ന നമ്മുടെ സാന്നിധ്യം, യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ ഏതവസരത്തിലും സഹായിക്കുവാനും സഹകരിക്കുവാനുമുള്ള തുറന്ന മനസ്സ്, സഹായത്തിന്റെയും സഹകരണത്തിന്റെയും കണക്കുകൾ നിരത്തിവയ്ക്കാത്ത സ്വഭാവം, പകരത്തിനുപകരം ചിന്തിക്കാത്ത പ്രവൃത്തികൾ ഇവയെല്ലാം സ്നേഹത്തിന്റെ പ്രവർത്തനങ്ങളാണ്. ഇതിനോട് ഇനിയും പ്രായോഗികമായ നമ്മുടെ ജീവിത പ്രവർത്തനരംഗങ്ങളിൽ നിന്ന് ധാരാളമായി കൂട്ടിച്ചേർക്കുവാൻ സാധിക്കും. ഇതിനായി നാം ആകെക്കൂടി ചെലവുചെയ്യുന്നത് നമ്മുടെ നിസ്വാർത്ഥമായ നല്ല ഒരു മനസ്സും അല്പം സമയവും മാത്രം. എന്നാൽ ഇതിന്റെ ഫലമോ എത്ര വിശാലം. ഒരു വ്യക്തി, ഒരു കുടുംബം, ഒരു കൂട്ടം, ഒരു സമൂഹം തന്നെ രക്ഷപ്പെടുന്ന പ്രവർത്തനങ്ങളാണിവ.

എന്നാൽ സ്നേഹം നൽകുന്നവന് ലഭിക്കുന്നത് എന്താണ്? നല്ല ബന്ധങ്ങളുടെ ഒരു വലിയ പട്ടിക. ഓർത്തിരുന്ന് സന്തോഷിക്കുന്ന ഒരു വലിയ മനസ്സ്, ഈ ലോകം മുഴുവൻ പിടിച്ചടക്കിയതിന്റെ ഒരു വലിയ സംതൃപ്തി. സ്വമനസ്സോടെ പ്രതിഫലേച്ഛയില്ലാതെ ഈ സ്നേഹം നൽകുന്നവർക്ക് ലഭിക്കുന്ന സംതൃപ്തി ഒരിക്കലും ആർക്കും തടയുവാൻ സാധ്യമല്ല. ഇപ്രകാരം സ്നേഹം നൽകുന്നത് ദൈവം നൽകിയിരിക്കുന്ന ഒരു പദവിയും, ശുശ്രൂഷയുമാണ്. നാം ഇത് മറ്റുള്ളവരിലേക്ക് ദൈവം നമുക്ക് തന്നതുപോലെ പകരുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവസ്നേഹം നമുക്ക് എന്നും ഒരു മാതൃക തന്നെ. കുടുംബജീവിതത്തിൽ ഇത് ഏറ്റവും പ്രായോഗികമായ ഒരു പ്രവർത്തനശൈലി ആകുന്നു എന്നതിന് രണ്ടുപക്ഷമില്ല. മക്കളോടും, സമൂഹത്തോടും എല്ലാമുള്ള ബന്ധത്തിൽ ഇത് ഒരു യാഥാർഥ്യം തന്നെ. എന്നാൽ നാലുതരം സ്നേഹത്തെപ്പറ്റി പറഞ്ഞതിൽ ഒന്നാമത്തേത് മനുഷ്യൻ വെറുക്കുന്നതും, മറ്റുള്ളവരുടെ കൈക്ക് ജോലിയുണ്ടാക്കുന്നതും സമൂഹത്തിൽ നമ്മുടെ വ്യക്തിത്വം തുടച്ചുനീക്കപ്പെടുന്നതുമായ പ്രവർത്തനമാണ്. രണ്ടും മൂന്നു തരം സ്നേഹത്തിൽ യാതൊരു അപാകതയുമില്ല. എന്നാൽ ഏറ്റവും അഭികാമ്യം നാലാമത്തെ വിധത്തിലുള്ള ദൈവദത്തമായ നിസ്വാർത്ഥ സ്നേഹം തന്നെ.



## ഡയ്‌ലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ആത്മീയ നേതാക്കളെ വിമർശിക്കല്ലെ. അവരുടെ ജീവിതം ദിവ്യമാണ്, പരിപാവനമാണ്, പരിശുദ്ധമാണ്, ദൈവദാനമാണ്...

*ബിജോയി, പാറക്കടവിൽ, മണിപ്പുഴ, മൂലവട്ടം.*

**☹വട്ടാണല്ലേ.**

☺ഇന്നത്തെ സഭാനേതാക്കന്മാരുടെ കൈമുതൽ.

*എൽസി കുര്യൻ, വളമംഗലം, തുറവൂർ.*

**☹ബിസിനസ് മാനേജുമെന്റും ഗുണ്ടായിസവും**

☺ദൈവത്താൽ അയയ്ക്കപ്പെട്ട കൃപാവരപ്രാപ്തർ വർദ്ധിച്ചുവരുന്നു. അതിനെ എതിർത്തിട്ടു കാര്യമില്ല. ആർക്കും അവരെ തടയാൻ കഴിയില്ല.

*ജെ. ജോസഫ്, കൊച്ചറ, ഇടുക്കി*

**☹ സാക്ഷര കേരളത്തിൽ കുട്ടിച്ചാത്തന്മാരും ആൾദൈവങ്ങളും കുടിയന്മാരും കൂടിവരികയാണ്. ആരെതിർത്തിട്ടും കാര്യമില്ല.**

☺ കൂണു മുളയ്ക്കുന്നതുപോലെ അത്ഭുത വീരന്മാർ പൊട്ടിമുളയ്ക്കുന്നു. അതിന്റെ പിന്നാലെ കുറെ പണിയില്ലാത്ത പെണ്ണുങ്ങളും. ഇവർക്കൊക്കെ മാന്യമായ എന്തെങ്കിലും പണി ചെയ്തു ജീവിച്ചുകൂടെ.

*അക്സാ ചെറിയാൻ, മുളവന, കൊല്ലം.*

**☹അത്ഭുത വീരന്മാർക്ക് ഭക്ഷ്യസുരക്ഷയും പെണ്ണുങ്ങൾക്ക് തൊഴിലുറപ്പും നൽകുന്ന മറ്റെന്തു പണിയാണുള്ളത്.**

☺ ചില മാധ്യമങ്ങൾ അസത്യപ്രസ്താവനകൾ നടത്തുന്നു. ജനം എങ്ങനെ സത്യം അറിയും.

*ബിജു പാപ്പച്ചൻ, തലക്കോട്, കോതമംഗലം.*

**☹അവർക്കു വേണ്ട സത്യം അവരെഴുതും. നിങ്ങൾക്കുവേണ്ട സത്യം നിങ്ങൾ വചനം വച്ച് അരിച്ചെടുക്കണം.**

☺സ്ത്രീകൾ സഭയിൽ ലീഡു ചെയ്യുന്നതിനു കാരണം.

*സി. ജയദാസ്, വേഴുമ്പറ, വടശ്ശേരിക്കര*

**☹അവർക്ക് 'ഡീലു' ചെയ്യാൻ കഴിവുള്ളതുകൊണ്ട്.**

☺നേതാക്കന്മാർക്ക് ഹൃദയമില്ലെന്നു പറഞ്ഞാൽ.

*എലിസബത്ത്, മണ്ണുത്തി, തൃശൂർ.*

**☹ഹൃദയം ദൈവത്തിന് കൊടുത്തില്ലേ. ഇപ്പോൾ ബുദ്ധികൊണ്ട് ബുദ്ധിമുട്ടിയാണ് ജീവിക്കുന്നത്.**

## തീരുമാനിച്ചതേയുള്ളു



പുഴയിലേക്ക് ചാഞ്ഞു നിൽക്കുന്ന ഒരു മരക്കൊമ്പിൽ മൂന്ന് തവളകൾ ഇരിപ്പുണ്ടായിരുന്നു.

അല്പം കഴിഞ്ഞപ്പോൾ രണ്ടു തവളകൾ കൂടി ആ മരക്കൊമ്പിലേക്ക് ചാടിക്കയറി. ഇപ്പോൾ ആകെ അഞ്ച് തവളകൾ.

അവരിൽ നാലുപേർ പുഴയിലേക്ക് ഒരുമിച്ച് ചാടാൻ തീരുമാനിച്ചു.

എങ്കിൽ ബാക്കി എത്ര തവളകൾ മരക്കൊമ്പിൽ ഉണ്ടാവും?

അഞ്ച് തവളകൾ! നാലുപേർ ചാടാൻ തീരുമാനിച്ചതേയുള്ളു. ചാടിയില്ല. ഏതു കാര്യവും ഒരുമിച്ച് തീരുമാനിക്കാൻ എളുപ്പമാണ്.

ഇതുപോലെ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടി ആയി തീരുവാനുള്ള തീരുമാനം നല്ലതുതന്നെ. പക്ഷെ അത് നടപ്പിലാക്കിയില്ലെങ്കിൽ എന്തു പ്രയോജനം?




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally